ഡോക്ടർ ഉമർബ്നു അബ്ദുറഹ്മാൻ ഉമർ രചിച്ച

# ഇസ്ലാം മതം

## അടിസ്ഥാനങ്ങളിലേക്കും പ്രാധാന്യങ്ങളിലേക്കും

## മാനവതക്ക് മാർഗ്ഗദർശി

## ചോദ്യോത്തരങ്ങൾ

പരിഭാഷപ്പെടുത്താൻ നിർദ്ദേശിച്ചത്

**ശൈഖ് അബ്ദുൽ അസീസ് അബ്ദുല്ലാ ആലു ശൈഖ്**

സഊദി ഉന്നത പണ്ഡിത സഭയിലെ മുഖ്യമുഫ്തി

സമർപ്പണം അവലോകനം

**ശൈഖ് അല്ലാമാ സ്വാലിഹ് ബ്നു ഫൗസാൻ അൽ ഫൗസാൻ**

സഊദി ഉന്നത പണ്ഡിതസഭാ അംഗം

പരിഭാഷ

**അബ്ദുൽ ഖയ്യൂം ബുസ്താനി**

റിയാദ്, സഊദി അറേബ്യ

# വിഷയവിവരം


| | അദ്ധ്യായം | പേജ് |
|---|---|---|
| i | വിഷയവിവരം | 2 |
| ii | സഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുടെ ആമുഖം | 3 |
| iii | ശൈഖ് സ്വാലിഹ് ബ്നു ഫൗസാനിന്റെ ആമുഖം | 4 |
| iv | ഗ്രന്ഥകാരന്റെ മുഖവുര | 5 |
| v | വിവർത്തകക്കുറിപ്പ് | 6 |
| 1 | മൂന്ന് മൂലതത്വങ്ങൾ | 7 |
| 2 | ഇസ്ലാം കാര്യങ്ങളും ശഹാദത്ത് കലിമകളുടെ സാരവും | 9 |
| 3 | ഈമാൻ കാര്യങ്ങളും അവയുടെ നേട്ടങ്ങളും | 13 |
| 4 | നന്മ പ്രവർത്തിക്കലും അതിന്റെ നേട്ടങ്ങളും | 20 |
| 5 | ഏകദൈവ വിശ്വാസവും അതിന്റെ ശ്രേഷ്ഠതകളും | 21 |
| 6 | മതത്തിൽ നിന്ന് പുറത്ത് പോകൽ | 26 |
| 7 | ബഹുദൈവ വിശ്വാസം | 29 |
| 8 | കാപട്യം | 32 |
| 9 | ആരാധനകളും അനാചാരങ്ങളും | 34 |
| 10 | വുളൂഉം കുളിയും | 39 |
| 11 | നമസ്കാരം | 42 |
| 12 | സകാത്ത് | 49 |
| 13 | വ്രതാനുഷ്ഠാനം | 52 |
| 14 | ഹജ്ജ് | 55 |
| 15 | അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസം | 60 |

# സഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുടെ ആമുഖം.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

സർവ്വസ്തുതിയും സർവ്വലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. നമ്മുടെ നബിയായ മുഹമ്മദ് ﷺ ക്കും കുടുംബത്തിനും എല്ലാ സച്ചരിതരായ സ്വഹാബികൾക്കും സകല അനുഗ്രഹങ്ങളും അല്ലാഹു വർഷിക്കുമാറാകട്ടെ....

ഡോ. ഉമർ ബ്നു അബ്ദുൽ റഹ്മാൻ അൽ ഉമർ തയ്യാറാക്കിയ "ഇർശാദുൽ അനാം ഇലാ ഉസൂലി വ മുഹിമ്മാതു ദീനുൽ ഇസ്ലാം" എന്ന ഗ്രന്ഥം ഞാൻ വായിച്ചു കേട്ടു.

അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാന വിശ്വാസ കാര്യങ്ങളിലും തൗഹീദിന്റെ സുപ്രധാന പാഠങ്ങളിലുമുള്ള സംശയ നിവാരണങ്ങളും വുളൂഅ്, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയുടെ വിധികളും സംക്ഷിപ്തമായി ഉൾക്കൊള്ളിച്ച ഒരു കൊച്ചുകൃതിയാണിത്.

സരളമായ ശൈലിയിൽ ചോദ്യോത്തര രൂപത്തിൽ രചിച്ച ഈ ഗ്രന്ഥം വായിക്കാനും മനസ്സിലാക്കാനും എളുപ്പമാണ്. അറബിയല്ലാത്ത മറ്റ് ഭാഷകൾ സംസാരിക്കുന്നവർക്ക് ഉപകാരപ്പെടുന്നതിനായി മറ്റു ഭാഷകളിലേക്ക് ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുന്നത് വളരെ നന്നായിരിക്കും.

**അബ്ദുൽ അസീസ് ഇബ്നു അബ്ദുല്ല ഇബ്നുബാസ്,**

**ഗ്രാന്റ് മുഫ്തി,**

**സഊദി അറേബ്യ,**

.

# ശൈഖുൽ അല്ലാമാ ഡോക്ടർ. സ്വാലിഹ് ഫൗസാൻ അൽ ഫൗസാൻ നൽകിയ ആമുഖം

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു.

ശൈഖ് ഉമർ ബ്നു അബ്ദുറഹ്മാനുൽ ഉമർ "ഇർശാദുൽ അനാം ഇലാ ഉസൂലി വ മുഹിമ്മാത്തു ദീനുൽ ഇസ്ലാം". എന്ന പേരിലെഴുതിയ ഗ്രന്ഥം കാണുകയുണ്ടായി. ഹ്രസ്വവും വളരെ ഫലപ്രദവുമായ ഈ കൃതിക്ക് അല്ലാഹു നല്ല പ്രതിഫലവും പ്രയോജനവും നൽകുമാറാകട്ടെ.. മുഹമ്മദ് നബി ﷺ ക്കും കുടുംബത്തിനും അല്ലാഹു കരുണ ചൊരിയുമാറാകട്ടെ..

**സ്വാലിഹ് ബ്നു ഫൗസാനുൽ ഫൗസാൻ**

**(ഉന്നത പണ്ഡിത സഭാ അംഗം. സഊദി അറേബ്യ)**

.

# ഗ്രന്ഥകർത്താവിന്റെ മുഖവുര

തൗഹീദിലേക്കും സുന്നത്തിലേക്കും സന്മാർഗ്ഗം കാണിച്ചുതന്ന അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും. അനുഗ്രഹങ്ങളും ആശീർവാദങ്ങളും കാരുണ്യത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പ്രവാചകനായ നമ്മുടെ നബി മുഹമ്മദിനും അദ്ദേഹത്തിന്റെ കുടുംബത്തിനും സഹചാരികൾക്കും വർഷിക്കുമാറാകട്ടെ..

തൗഹീദും മതത്തിന്റെ അടിസ്ഥാന വിശ്വാസവും പഠിക്കേണ്ടത് അതിപ്രധാനവും അത്യന്താപേക്ഷിതവുമാണ്. അടിസ്ഥാന വിശ്വാസങ്ങൾ കൃത്യമാക്കിക്കൊണ്ട് ആരാധനാ കർമ്മങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കും നിയമത്തിനും പ്രവാചകൻ ﷺ വിധിച്ച രൂപത്തിലുമായിരിക്കാനും ഈ പഠനം നിർബന്ധമാണ്. ഈ ലക്ഷ്യത്തിനായി വിശുദ്ധ ഖുർആനും തിരുസുന്നത്തും പ്രാമാണിക പണ്ഡിതന്മാരും പ്രബോധകരും വരച്ചുകാണിക്കുന്ന സത്യ സന്ദേശങ്ങളുടെ വെളിച്ചത്തിൽ എഴുതപ്പെട്ട ഹ്രസ്വമായൊരു കൃതിയാണ് ഈ പുസ്തകം. ഇതിന് ഞാൻ നൽകിയ പേര് "ഇർശാദുൽ അനാം ഇലാ ഉസൂലി വ മുഹിമ്മാത്തു ദീനുൽ ഇസ്ലാം" "ഇസ്ലാം മതത്തിന്റെ അടിസ്ഥാനങ്ങളിലേക്കും പ്രാധാന്യങ്ങളിലേക്കും മാനവതക്ക് മാർഗ്ഗദർശി" എന്നാണ്. ഇത് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നതും ചോദ്യോത്തര രൂപത്തിലാക്കിയതും വളരെ കൃത്യമായ ഉത്തരങ്ങൾ ശരിയായി മനസ്സിലാക്കുന്നതിന് വേണ്ടിയാണ്.

ഇത് മൂലം അല്ലാഹുവിന്റെ പ്രീതിയും തൃപ്തിയും അവന്റെ അടിമകൾക്ക് പ്രയോജനവുമായി ഭവിക്കുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. നമ്മുടെ നബി മുഹമ്മദ് ﷺ ക്കും കുടുംബത്തിനും അദ്ദേഹത്തിന്റെ എല്ലാ അനുയായികൾക്കും അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ...

**ഡോക്ടർ ഉമർബ്നു അബ്ദുറഹ്മാൻ,**

**ഗ്രന്ഥകർത്താവ്**

# വിവർത്തകക്കുറിപ്പ്

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു. മുഹമ്മദ് നബി ﷺ ക്കും കുടുംബത്തിനും എല്ലാ വിശ്വാസികൾക്കും അല്ലാഹു സകല വിധ സമാധാനവും അനുഗ്രഹങ്ങളും ചൊരിയുമാറാകട്ടെ..

എല്ലാ ഓരോ മുസ്ലിമും അനിവാര്യമായും അറിഞ്ഞിരിക്കേണ്ടത് അവനെ സൃഷ്ടിച്ച് ഭൂമിയിലേക്കയച്ച അല്ലാഹുവിനെ കുറിച്ചാണ്. അപ്രകാരം അല്ലാഹു മനുഷ്യന് നൽകിയ ഉത്തരവാദിത്വങ്ങളും അതിന് പകരം അല്ലാഹു നൽകാനിരിക്കുന്ന പ്രതിഫലങ്ങളും അതോടൊപ്പം മനുഷ്യൻ അറിഞ്ഞിട്ടില്ലെങ്കിൽ അലക്ഷ്യമായ ജീവിതം അവനെ തികഞ്ഞ വഴികേടിലൂടെ നരകാഗ്നിയിലേക്ക് എത്തിക്കും എന്നത് തീർച്ചയാണ്. മനുഷ്യരാശി ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്ത ഇസ്ലാം മതത്തെ സംബന്ധിച്ച ഈ മൂന്ന് അടിസ്ഥാനപരമായ അറിവുകൾ ചോദ്യോത്തര രൂപത്തിൽ എഴുതപ്പെട്ടതാണീ കൊച്ചുപുസ്തകം. ഈ പുസ്തകത്തിലെ ചോദ്യങ്ങൾ മാത്രം വായിച്ച ശേഷം ഇതിന് നാം പഠിച്ചുവെച്ച ഉത്തരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുക. ശരിയാണെങ്കിൽ നാം മനസ്സിലാക്കിയ ഇസ്ലാം ശരിയാണെന്നും അല്ലാത്തപക്ഷം അത് തിരുത്തേണ്ടതാണെന്നും അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാന വിശ്വാസത്തിലേക്ക് തിരിച്ച് വരേണ്ടതാണെന്നുമുള്ള ഗുരുതരമായ ഒരു താക്കീതാണ് ഈ ഗ്രന്ഥത്തിന്റെ സന്ദേശമായി വിവർത്തകന് പറയാനുള്ളത്. അല്ലാഹു എല്ലാ മനുഷ്യർക്കും സന്മാർഗ്ഗം കാണിച്ച് കൊടുക്കാൻ ഇതൊരു കാരണമായിത്തീരുമാറാകട്ടെ...

**അബ്ദുൽഖയ്യൂം ബുസ്താനി,**

**റിയാദ്, സഊദി അറേബ്യ.**

.

# അദ്ധ്യായം 1

## മൂന്ന് മൂല തത്വങ്ങൾ

ചോദ്യം : 1. എല്ലാ മുസ്ലിം സ്ത്രീയും പുരുഷനും നിർബന്ധമായും അിറഞ്ഞിരിക്കേണ്ട മൂന്ന് അടിസ്ഥാന തത്വങ്ങൾ ഏതെല്ലാമാണ് ?

എല്ലാ ഓരോ മുസ്ലിം സ്ത്രീയും പുരുഷനും നിർബന്ധമായും അറിഞ്ഞിരിക്കേണ്ട മൂന്ന് അടിസ്ഥാന തത്വങ്ങൾ :

1. മനുഷ്യന് അവൻെറ രക്ഷിതാവിനെ കുറിച്ചുള്ള അറിവ്.
2. മനുഷ്യന് അവൻെറ മതത്തെ കുറിച്ചുള്ള അറിവ്.
3. മനുഷ്യന് അവൻെറ നബിയായ മുഹമ്മദ് ﷺ യെ കുറിച്ചുള്ള അറിവ്

❋❋❋

ചോദ്യം : 2. താങ്കളുടെ രക്ഷിതാവ് ആരാണ് ?

എന്റെ രക്ഷിതാവ് എന്നെ രക്ഷിക്കുന്ന സർവ്വലോകത്തെയും അനുഗ്രഹിച്ചു സംരക്ഷിച്ചുകൊണ്ടിരിക്കുന്ന അല്ലാഹു. അവൻ എന്റെ ആരാധ്യനുമാണ്. മറ്റൊരു ആരാധ്യനും എനിക്കില്ല.

❋❋❋

ചോദ്യം : 3. എങ്ങിനെയാണ് താങ്കൾ രക്ഷിതാവിനെ തിരിച്ചറിഞ്ഞത്?

എന്റെ രക്ഷിതാവിനെ ഞാൻ മനസ്സിലാക്കിയത് അവന്റെ സൃഷ്ടികളിലൂടെയും അവന്റെ അൽഭുതകരമായ അടയാളങ്ങളിലൂടെയുമാണ്. രാത്രി, പകൽ, സുര്യൻ, ചന്ദ്രൻ, ഏഴ് ആകാശങ്ങൾ ഏഴ് ഭൂമി അവയിലുള്ള എല്ലാ സൃഷ്ടിജാലങ്ങളും അവന്റെ അതിശയകരമായ അടയാളങ്ങളാണ്.

❋❋❋

ചോദ്യം : 4. താങ്കളുടെ മതം ഏതാണ് ?

എൻെറ മതമാണ് ഇസ്‌ലാം. അത് ഏകത്വം കൊണ്ട് അല്ലാഹുവിന് കീഴൊതുങ്ങലും അനുസരണത്തിലൂടെ അവന് സ്വയം സമർപ്പിക്കലും എല്ലാവിധ ബഹുദൈവങ്ങളിൽ നിന്നും ഒഴിവാകലുമാണ്.

❁❁❁

ചോദ്യം : 5. മതത്തിൻെറ പദവികൾ ഏതെല്ലാമാണ് ?

മതത്തിൻെറ പദവികൾ മൂന്നാകുന്നു. അവ :

(1) ഇസ്ലാം

(2) ഈമാൻ (വിശ്വാസം)

(3) ഇഹ്സാൻ (നന്മ)

❁❁❁

ചോദ്യം : 6. താങ്കളുടെ നബി ആരാണ് ?

എൻെറ നബി ഹാശിം ഗോത്രത്തിലെ അബ്ദുൽമുത്തലിബിൻെറ മകൻ അബ്ദുല്ലയുടെ മകൻ മുഹമ്മദ് ﷺ ആണ്. അദ്ദേഹം ഇസ്മാഈൽ നബിയുടെ പിതാവായ ഇബ്രാഹീം നബിയുടെ സന്താന പരമ്പരയിൽ നിന്നുള്ള അറബികളുടെ ഖുറൈശി വംശത്തിലാണ് ജനിച്ചത്.

❁❁❁

# അദ്ധ്യായം 2

# ഇസ്ലാം കാര്യങ്ങളും രണ്ട് ശഹാദത്ത് കലിമകളുടെ സാരവും

## ചോദ്യം : 7. ഇസ്ലാം കാര്യങ്ങൾ ഏതെല്ലാം?

ഇസ്ലാം കാര്യങ്ങൾ അഞ്ചെണ്ണമാകുന്നു. അവ.

1. അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും നിശ്ചയമായും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക.
2. നമസ്കാരം നിലനിർത്തുക.
3. സകാത്ത് നല്കുക.
4. നോമ്പ് അനുഷ്ഠിക്കുക.
5. യാത്രാ സൗകര്യമുള്ളവർ അല്ലാഹുവിന്റെ ഭവനത്തിൽ പോയി ഹജ്ജ് നിർവ്വഹിക്കുക.

❁❁❁

## ചോദ്യം : 8. ശഹാദത്ത് കലിമയുടെ അർത്ഥമെന്ത്? തെളിവെന്ത്?

ലാ ഇലാഹ ഇല്ലല്ലാഹു എന്നാൽ യഥാർത്ഥത്തിൽ അല്ലാഹു ഒഴികെ ആരാധനക്കർഹനായി ഒന്നും തന്നെയില്ല എന്നർത്ഥം. അതിനുള്ള തെളിവ് അല്ലാഹു പറയുന്നു.

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ”. ﴿سورة الحج ٦٢﴾

❁❁❁

ചോദ്യം : 9. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത്ത് കലിമയിലെ പ്രധാന ഭാഗങ്ങൾ ഏതെല്ലാം? തെളിവെന്ത്?

ശഹാദത്ത് കലിമയിലെ പ്രധാന ഘടകങ്ങൾ രണ്ടെണ്ണമാണ്.

1. നിഷേധം : അത് ലാ ഇലാഹ എന്ന ഈ വാക്കിൽ ആരാധ്യൻ ഇല്ല എന്നും.
2. സ്ഥിരീകരിക്കൽ : അത് ഇല്ലല്ലാഹ് ഈ വാക്കിൽ അല്ലാഹു ഒഴികെ എന്നുമാണ്.

ഇതിന്റെ തെളിവ് അല്ലാഹുവിന്റെ വചനം :

فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى ﴿ سورة البقرة 256 ﴾

ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു.

അല്ലാഹുവിന്റെ വചനം – فَمَن يَكْفُرْ بِالطَّاغُوتِ ദുർമൂർത്തികളെ അവിശ്വസിക്കുകയും എന്നത് നിഷേധത്തിനുള്ള തെളിവാകുന്നു.

അല്ലാഹുവിന്റെ വചനം – فَمَن وَيُؤْمِن بِاللَّهِ അല്ലാഹുവിൽ വിശ്വസിക്കുകയും എന്നത് സ്ഥിരീകരണത്തിന് തെളിവാകുന്നു.

❁❁❁

## ചോദ്യം : 10. ലാ ഇലാഹ ഇല്ലല്ലാഹു വിന്റെ നിബന്ധനകൾ ഏതെല്ലാം ?

ലാ ഇലാഹ ഇല്ലല്ലായുടെ നിബന്ധനകൾ 8 എണ്ണമാകുന്നു.

1. അറിവ്കേടിനെ നിഷേധിച്ച് തള്ളുന്ന അറിവ്.
2. സംശയനിവാരണത്തിലൂടെ നേടുന്ന ഉറപ്പ്.
3. ബഹുദൈവത്തെ നിഷേധിക്കുന്ന ആത്മാർത്ഥത.
4. കളവിനെ തള്ളിക്കളയുന്ന സത്യസന്ധത (വിശ്വസ്തത).
5. കോപത്തെ നിരാകരിക്കുന്ന സ്നേഹം.
6. ഉപേക്ഷകളെ വെടിയുന്ന കീഴൊതുക്കം.
7. തിരസ്കരണം നിഷേധിക്കുന്ന സ്വീകാര്യത.
8. അല്ലാഹു ഒഴികെയുള്ള എല്ലാ ആരാധ്യരേയും നിഷേധിക്കുക.

രണ്ട് വരി പദ്യ രുപത്തിൽ നമുക്ക് ഈ കാര്യങ്ങൾ ചേർത്ത് വായിക്കാം

“അറിവ് ഉറപ്പാത്മാർത്ഥതാ വിശ്വസ്തതാ... അതിനൊത്ത് സ്നേഹം കീഴ്പ്പെടൽ സ്വീകാര്യതാ...

എട്ടാമതായീ നിഷേധം സർവ്വവും...
അല്ലാഹുവല്ലാത്താരാധ്യരായ സർവ്വതും”

❋❋❋

## ചോദ്യം : 11. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത്ത് കലിമ ആവശ്യപ്പെടുന്നത് എന്താണ് ?

രണ്ട് കാര്യങ്ങളാണ് ലാഇലാഹ ഇല്ലല്ലാഹ് എന്നതിൽ നമ്മോട് ആവശ്യപ്പെടുന്നതായി ഇതിൽ ഉൾപ്പെടുന്നത്.

1. അല്ലാഹുവിലുള്ള അവന്റെ ഏകത്വത്തെ സത്യപ്പെടുത്തലും ആത്മാർത്ഥമായി അവനെ ആരാധിക്കലും (ഇതാണ് സ്ഥിരത കൊണ്ട് ഉദ്ദേശിക്കുന്നത്)

2. അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്നത് മുഴുവനും നിഷേധിക്കുകയും ബഹുദൈവാരാധകരേയും ബഹുദൈവ ആരാധനകളേയും നിരാകരിച്ച് നിരുത്തരവാദം പ്രഖ്യാപിക്കുകയും മതം നിഷ്ഫലമാകുന്ന കാര്യങ്ങളെ വെടിയുന്നതിന് വേണ്ടി നിഷേധിക്കുകയും ചെയ്യുന്നു. (ഇതാണ് നിഷേധം കൊണ്ട് ഉദ്ദേശിക്കുന്നത്.)

❋❋❋

**ചോദ്യം : 12. അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്നതിന്റെ സാരമെന്താണ് ?**

മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാണ് എന്ന ഈ സാക്ഷ്യ വചനം

അർത്ഥം : മുഹമ്മദ് നബി ﷺ മുഴുവൻ മനുഷ്യരാശിക്കും വേണ്ടി നിയുക്തനാണെന്നും അന്ത്യ പ്രവാചകനാണെന്നും പ്രത്യക്ഷമായും പരോക്ഷമായും തിരിച്ചറിഞ്ഞതായുള്ള പ്രഖ്യാപനമാണ്. ഇതിന്റെ സാരം.

❋❋❋

**ചോദ്യം : 13. അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാ എന്ന ശഹാദത്ത് നമ്മോട് ആവശ്യപ്പെടുന്നത് എന്ത് ?**

അദ്ദേഹം കൽപ്പിച്ചത് അതേപടി അനുസരിക്കുക, അദ്ദേഹം അറിയിച്ചത് മുഴുവൻ സത്യപ്പെടുത്തുക, അദ്ദേഹം നിരോധിച്ചത് വെറുക്കുകയും വെടിയുകയും ചെയ്യുക, അദ്ദേഹം വിധിച്ച വിധത്തിൽ മാത്രം അല്ലാഹുവിനെ ആരാധിക്കുക.

❋❋❋

# അദ്ധ്യായം 3

# ഈമാൻ കാര്യങ്ങളും അവയുടെ നേട്ടങ്ങളും

## ചോദ്യം : 14. ഈമാൻ കാര്യങ്ങൾ ഏതെല്ലാമാണ് ?

ഈമാൻ കാര്യങ്ങൾ ആറാകുന്നു അവ:

1. അല്ലാഹുവിൽ വിശ്വസിക്കൽ.
2. അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കൽ.
3. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കൽ.
4. അല്ലാഹുവിന്റെ ദൂതന്മാരായ പ്രവാചകന്മാരിൽ വിശ്വസിക്കൽ.
5. അന്ത്യദിനത്തിൽ വിശ്വസിക്കൽ.
6. നന്മയും തിന്മയുമായ അല്ലാഹുവിന്റെ വിധിയിൽ വിശ്വസിക്കൽ.

❁❁❁

## ചോദ്യം : 15. അല്ലാഹുവിൽ വിശ്വസിക്കൽ എന്നാൽ എന്താണത് ?

അല്ലാഹുവിൽ വിശ്വസിക്കുക എന്നതിന്റെ സാരം. അല്ലാഹുവിന്റെ അസ്തിത്വത്തെ സത്യപ്പെടുത്തലും അവന്റെ രക്ഷാകർതൃത്വത്തെയും നാമ ഗുണ വിശേഷണങ്ങളെയും ആരാധ്യനാണെന്ന അവകാശത്തെയും കൃത്യവും വ്യക്തവുമായി അറിഞ്ഞ് അംഗീകരിക്കുകയും ചെയ്യുക.

❁❁❁

## ചോദ്യം : 16. അല്ലാഹുവിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്താണ് ?

അല്ലാഹുവിൽ വിശ്വസിക്കുന്നത് കൊണ്ട് ധാരാളം പ്രയോജനങ്ങളുണ്ട്.

1. അല്ലാഹുവിന്റെ ഏകത്വം ബോധ്യപ്പെടുന്നു. അതിലൂടെ അല്ലാഹുവിനെ മാത്രം ഒരു വിധപങ്കുകാരുമില്ലാതെ ആരാധിക്കാൻ കഴിയുന്നു.
2. അല്ലാഹുവിനെ അങ്ങേയറ്റം സ്നേഹിക്കാനും അവനെ മഹത്വപ്പെടുത്താനും അവനെ ഭയപ്പെടാനും അവന്റെ നല്ല നാമങ്ങളും ഉയർന്ന സ്ഥാനങ്ങളും തിരിച്ചറിയാനും കഴിയുന്നു.
3. അല്ലാഹു കൽപിച്ച പ്രവർത്തനങ്ങളിലൂടെയും വിരോധിച്ചവ വെടിയുന്നതിലൂടെയും ആരാധനകൾ വിധിക്കപ്പെട്ട വിധം നടപ്പിലാക്കാൻ കഴിയുന്നു.

❋❋❋

## ചോദ്യം : 17. മലക്കുകളിലുള്ള വിശ്വാസം എന്നാൽ എന്ത് ?

മലക്കുകളിൽ വിശ്വസിക്കുക എന്നാൽ. അവരുടെ അസ്തിത്വം സത്യമെന്ന് അംഗീകരിക്കുന്നതോടൊപ്പം തീർച്ചയായും അവർ അല്ലാഹുവിങ്കൽ ആദരണീയരാണെന്നും അല്ലാഹുവിന്റെ കൽപനകൾ ധിക്കരിക്കാത്തവരാണെന്നും അല്ലാഹു കൽപിക്കുന്നത് പ്രകാരം പ്രവർത്തിക്കുന്നവരാണെന്നും നിർബന്ധമായും വിശ്വസിക്കുകയെന്നാകുന്നു. അപ്രകാരം അവരിൽ പേര് പറയപ്പെട്ട ജിബ്രീൽ, മീകായീൽ, ഇസ്രാഫീൽ, പോലുള്ളവരും പേര് പറയാത്തവരും ഉണ്ട് എന്ന് വിശ്വസിക്കുന്നു.

❋❋❋

ചോദ്യം : 18. മലക്കുകളിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനമെന്താണ് ?

മലക്കുകളിൽ വിശ്വസിക്കുന്നത് മൂലം നിരവധി പ്രയോജനങ്ങളുണ്ട്. അവയിൽ ചിലത്.

1. അല്ലാഹുവിന്റെ മഹത്വത്തെ കുറിച്ച് മനസ്സിലാകുന്നു. അല്ലാഹുവിന്റെ ശക്തിയും സ്വാധീനവും സ്ഥാനവും മഹത്വവും അറിയാൻ കഴിയുന്നു. കാരണം സൃഷ്ടിയുടെ മാഹാത്മ്യം സൃഷ്ടാവിന്റെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്നു.
2. അല്ലാഹു ആദമിന്റെ മക്കളെ ആദരിക്കുകയും മലക്കുകളെ മനുഷ്യരുടെ സംരക്ഷണച്ചുമതല ഏൽപിക്കുകയും ചെയ്തത് അല്ലാഹുവിന് നമ്മോടുള്ള സ്നേഹത്തേയും നന്ദിയേയും ദ്യോതിപ്പിക്കുന്നു.
3. നന്മകൾ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും തിന്മകൾ പ്രവർത്തിക്കുന്നതിനെ ഭയപ്പെടുത്തുകയും ചെയ്യുന്നു. അതിനായി മലക്കുകളിൽ പെട്ട ഒരു വിഭാഗത്തെ മനുഷ്യന്റെ നന്മയും തിന്മയും രേഖപ്പെടുത്തുന്നതിനായി അല്ലാഹു ഉത്തരവാദപ്പെടുത്തിയിട്ടുണ്ട്.

❋❋❋

ചോദ്യം : 19. ഗ്രന്ഥങ്ങളിലുള്ള വിശ്വാസം എന്നാലെന്താണ് ?

ഗ്രന്ഥങ്ങളിലുള്ള വിശ്വാസം എന്നാൽ

അല്ലാഹു അവന്റെ ദൂതന്മാരായ പ്രവാചകന്മാരിലേക്ക് അയച്ച് കൊടുത്ത ഗ്രന്ഥങ്ങളിൽ പുർണ്ണമായ അറിവോടെ ഉറച്ച് വിശ്വസിക്കലാകുന്നു. ആ ഗ്രന്ഥങ്ങൾ അല്ലാഹുവിന്റെ വചനങ്ങളാണ്. തീർച്ചയായും അത് സത്യവും പ്രകാശവുമാണ്. അല്ലാഹു പേര് നൽകിയ വിശുദ്ധ ഖുർആൻ, തൗറാത്ത്, സബൂർ, ഇഞ്ചീൽ എന്നീ ഗ്രന്ഥങ്ങളിലും പേര് പറയാത്തവയിലും നാം വിശ്വസിക്കണം.

❋❋❋

## ചോദ്യം : 20. ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നത് കൊണ്ട് നിരവധി പ്രയോജനങ്ങളുണ്ട്. അവയിൽ ചിലത്.

1. അല്ലാഹു അവന്റെ സൃഷ്ടികളോടുള്ള സംരക്ഷണത്തെ കുറിച്ചുള്ള അറിവ് ലഭിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കും അവൻ സന്മാർഗ്ഗം കാണിച്ച് കൊടുക്കാൻ വേണ്ടി അവൻ ഗ്രന്ഥം നൽകിയിട്ടുണ്ട്.
2. അല്ലാഹുവിന്റെ നിയമങ്ങളിൽ അടങ്ങിയ യുക്തിബോധത്തെ കുറിച്ചുള്ള അറിവ് ലഭിക്കുന്നു. ഓരോ ജനവിഭാഗത്തിന്റേയും അവസ്ഥക്ക് അനുയോജ്യമായ നിയമങ്ങൾ അല്ലാഹു അവർക്ക് നൽകിയിരുന്നു.

അല്ലാഹു പറയുന്നു. لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا "നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മ മാർഗ്ഗവും നാം നിശ്ചയിച്ചിട്ടുണ്ട്". (മാഇദ-48)

3. അല്ലാഹു വിവരിച്ച ഇബാദത്തുകളിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുക.
4. അല്ലാഹുവിനെ ആഴത്തിലറിഞ്ഞ് ആരാധിക്കാൻ അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലൂടെയും അവൻ നിയോഗിച്ച പ്രവാചകനിലൂടെയും ഉൾക്കാഴ്ച്ച ലഭിക്കുന്നു.

❁❁❁

## ചോദ്യം : 21. പ്രവാചകന്മാരിലുള്ള വിശ്വാസമെന്നാൽ എന്താണ് ?

പ്രവാചകന്മാരിലുള്ള വിശ്വാസമെന്നാൽ. എല്ലാ ദൈവദൂതന്മാരും കൊണ്ടുവന്ന ദൈവിക സന്ദേശങ്ങളെ സന്ദേഹമില്ലാത്ത വിധം സത്യപ്പെടുത്തലാണ്. പ്രവാചകൻ അറിയിച്ച സകല വാർത്തകളും അതേപടി സത്യപ്പെടുത്തണം. അല്ലാഹു പേര് പറഞ്ഞിട്ടുള്ള നുഹ്, ഇബ്രാഹീം മുസ, ഈസ, മുഹമ്മദ് (അലൈഹിമുസ്സലാം) എന്നിവരും പേര് പറഞ്ഞിട്ടില്ലാത്തവരും പ്രവാചകന്മാരുടെ കൂട്ടത്തിലുണ്ടെന്ന് നാം വിശ്വസിക്കുന്നു.

❁❁❁

## ചോദ്യം : 22. പ്രവാചകന്മാരിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്താകുന്നു ?

പ്രവാചകന്മാരിൽ വിശ്വസിക്കുന്നത് കൊണ്ട് നിരവധി പ്രയോജനങ്ങളുണ്ട്. അവയിൽ ചിലത്.

1. അല്ലാഹുവിന് അവന്റെ സൃഷ്ടികളോടുള്ള കരുണയും സംരക്ഷണവും തിരിച്ചറിയുക. അപ്രകാരം മനുഷ്യർക്ക് നേരായ മാർഗ്ഗത്തിലേക്കും സത്യമതത്തിലേക്കുമുള്ള സന്മാർഗ്ഗദർശനത്തിനായി നിരവധി പ്രവാചകന്മാരെ നിയോഗിക്കുകയുണ്ടായി എന്ന് തിരിച്ചറിയുക.
2. അല്ലാഹുവിനെ ആഴത്തിലറിഞ്ഞ് ആരാധിക്കാൻ പ്രവാചകന്മാരുടെ സന്മാർഗ്ഗദർശനങ്ങളും അല്ലാഹുവിന്റെ ഗ്രന്ഥങ്ങളും സുസാധ്യമാക്കുന്നു.
3. പ്രവാചകന്മാരെ സ്നേഹിക്കാനും (അല്ലാഹു അവർക്ക് ശാന്തിയും സമാധാനവും ചൊരിയുമാറാകട്ടെ) അവരെ മഹത്വപ്പെടുത്താനും അവർക്കർഹമായ വിധമുള്ള സ്തുതികൾ അർപ്പിക്കാനും നമുക്ക് കഴിയുന്നു.
4. ഈ വമ്പിച്ച അനുഗ്രഹത്തിന് അല്ലാഹുവിനെ സ്തുതിക്കാൻ സാധിക്കുന്നു.

❁❁❁

## ചോദ്യം : 23. അന്ത്യ ദിനത്തിലുള്ള വിശ്വാസം എന്നാൽ എന്ത് ?

അന്ത്യ ദിനത്തിലുള്ള വിശ്വാസം എന്നാൽ വിചാരണ ചെയ്ത് പ്രതിഫലം നൽകുന്നതിന്നായി ജനങ്ങളെ പുനരുദ്ധരിച്ച് എഴുന്നേൽപിക്കുന്ന ദിവസത്തിൽ അടിയുറച്ച് വിശ്വസിക്കുക എന്നാകുന്നു.

❁❁❁

## ചോദ്യം : 24. അന്ത്യദിനത്തിൽ വിശ്വസിക്കുന്നത് മൂലമുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് ?

അന്ത്യദിനത്തിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ..

1. അന്നേ ദിവസം പ്രതിഫലം നേടുന്നതിനുള്ള അത്യാഗ്രഹത്തോടെ അല്ലാഹുവിനെ താൽപര്യപൂർവ്വം അനുസരിക്കാൻ സാധ്യമാകുന്നു.
2. അന്നേ ദിവസത്തെ ശിക്ഷയെ ഭയപ്പെട്ട് കൊണ്ട് തൃപ്തിയോടെ തന്നെ തെറ്റ്കുറ്റങ്ങളിൽ നിന്ന് വിട്ട്മാറാൻ കഴിയുന്നു.
3. വിനാശകരമായ ഈ ലോകത്ത് കിട്ടാതെ പോകുന്ന സുഖസൗകര്യങ്ങളെ സംബന്ധിച്ച് നിരാശനാകാതെ സത്യവിശ്വാസി പരലോകത്ത് കിട്ടാനുള്ള അനുഗ്രഹങ്ങളെ കുറിച്ച് ശുഭപ്രതീക്ഷ പുലർത്തുന്നു.

❋❋❋

## ചോദ്യം : 25. നന്മ തിന്മകളുടെ വിധിയിൽ വിശ്വസിക്കുകയെന്നാൽ എന്താണ് ?

വിധിയിലുള്ള വിശ്വാസമെന്നാൽ അത്
എല്ലാ നന്മകളും തിന്മകളും അല്ലാഹുവിന്റെ വിധി നിമിത്തമാണ് സംഭവിക്കുന്നത് എന്ന് അടിയുറച്ച് വിശ്വസിക്കുക, നിശ്ചയമായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് പ്രകാരം പ്രവർത്തിക്കുന്നവൻ ആകുന്നു.അവൻ ഉദ്ദേശിക്കുന്നത് സംഭവിക്കും. അവൻ ഉദ്ദേശിക്കാത്തത് സംഭവിക്കുകയില്ല.

❋❋❋

## ചോദ്യം : 26. നന്മ തിന്മകളുടെ വിധിയിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനമെന്താണ്?

വിധിയിലുള്ള വിശ്വാസം മൂലം നിരവധി പ്രയോജനങ്ങളുണ്ട്.

1. എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ് അല്ലാഹു. ഓരോ കാര്യത്തിനും അവൻ ഓരോ കാരണങ്ങൾ നിശ്ചയിച്ചിരിക്കുന്നു. കാരണങ്ങളാകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്ന മനുഷ്യന് ഈ വിശ്വാസം മൂലം യഥാർത്ഥത്തിൽ അല്ലാഹുവിനെ ആത്മാർത്ഥമായി ഭരമേൽപിക്കാൻ സാധ്യമാകുന്നു.
2. തൃപ്തിയും മന:ശ്ശാന്തിയും അല്ലാഹു വിധിച്ചതിനോട് മുഴുവൻ ഉണ്ടാകുന്നു. ഇഷ്ടപ്പെട്ട കാര്യം നഷ്ടപ്പെട്ടതിലോ അനിഷ്ടകരമായത് സംഭവിച്ചതിലോ ദു:ഖമുണ്ടാവുകയില്ല.
3. ജീവിതത്തിൽ ദുരന്തങ്ങൾ അഭിമുഖീകരിക്കുമ്പോഴും പ്രയാസങ്ങൾ ഉണ്ടാകുമ്പോഴും യഥാർത്ഥത്തിൽ ഉറച്ച വിശ്വാസമുള്ള മനസ്സ് അവയെയെല്ലാം നേരിടുന്നു.

കാര്യങ്ങൾ സാധിക്കുമ്പോൾ സ്വയം അഹങ്കാരം ഉണ്ടാകുന്നില്ല. കാരണം അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവുമാകുന്ന വിധി മൂലം മാത്രമാണീ കാര്യം സാധിച്ചത് എന്ന് തിരിച്ചറിയുന്നു.

❋❋❋

# അദ്ധ്യായം 4

# നന്മ പ്രവർത്തിക്കലും അതിന്റെ നേട്ടങ്ങളും

## ചോദ്യം : 27. ഇഹ്സാൻ (നന്മ ചെയ്യൽ) എന്നാലെന്താണ് ?

ഇഹ്സാൻ : അല്ലാഹുവിനെ നീ കണ്ടുകൊണ്ടിരിക്കുന്നു എന്ന വിധത്തിൽ നീ അല്ലാഹുവിനെ ആരാധിക്കുക, നീ അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അല്ലാഹു നിന്നെ കാണുന്നുണ്ട്.

❁❁❁

## ചോദ്യം : 28. നന്മയുടെ സ്ഥാനങ്ങൾ എന്തെല്ലാമാണ് ?

നന്മക്ക് രണ്ട് സ്ഥാനങ്ങളുണ്ട്.

ഒന്നാം സ്ഥാനം : മന:സ്സാന്നിദ്ധ്യം, അല്ലാഹു തന്നെ നോക്കിക്കൊണ്ടേയിരിക്കുന്നു എന്ന നിലയിൽ അല്ലാഹുവിനെ ആരാധിക്കുന്ന അടിമ അതാണ് ഏറ്റവും ഉയർന്ന സ്ഥിതി.

രണ്ടാം സ്ഥാനം : സൂക്ഷ്മത, അഥവാ ഒരാൾ ഏത് സ്ഥലത്തും ചെയ്യുന്ന ഏത് പ്രവർത്തികളും അല്ലാഹു സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവ്.

❁❁❁

## ചോദ്യം : 29. നന്മയുടെ നേട്ടങ്ങൾ എന്തെല്ലാമാണ് ?

നന്മയുടെ നേട്ടങ്ങൾ നിരവധിയുണ്ട്.

1. സാന്നിദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും രഹസ്യമായും പരസ്യമായും അല്ലാഹുവിനെ ഭയപ്പെടുക.
2. അല്ലാഹുവിനെ ആരാധിക്കുന്നതിൽ ആത്മാർത്ഥതയും അത് പരിപൂർണ്ണമായും നന്മ നിറഞ്ഞതാകുന്നതിന് കഠിനയത്നം നടത്തുകയും ചെയ്യുക.
3. അല്ലാഹുവിന്റെ സഹവാസം നന്മ ചെയ്യുന്നവർക്കൊപ്പം പ്രത്യേകം ഉണ്ടായിരിക്കും.
4. അല്ലാഹുവിനെ നേരിൽ ദർശിക്കാനും സ്വർഗ്ഗം നേടി വിജയിക്കാനുമുള്ള ഭാഗ്യം സിദ്ധിക്കുന്നു.

❁❁❁

## അദ്ധ്യായം 5

# തൗഹീദ് അഥവാ ഏകദൈവ വിശ്വാസവും അതിന്റെ ശ്രേഷ്ഠതകളും

**ചോദ്യം : 30. ഏകദൈവ വിശ്വാസത്തിന്റെ (തൗഹീദിന്റെ) ഇനങ്ങൾ ഏവ ?**

ഏകദൈവവിശ്വാസത്തിന്റെ (തൗഹീദിന്റെ) ഇനങ്ങൾ മൂന്നാകുന്നു.

1. രക്ഷാകർതൃത്വത്തിലുള്ള ഏകത്വം.
2. ആരാധനയിലുള്ള ഏകത്വം.
3. നാമങ്ങളിലും ഗുണ വിശേഷണങ്ങളിലുമുള്ള ഏകത്വം.

❋❋❋

**ചോദ്യം : 31. രക്ഷാകർതൃത്വത്തിലുള്ള ഏകത്വം എന്നാൽ എന്താണ് ?**

രക്ഷാകർതൃത്വത്തിലുള്ള ഏകത്വം എന്നാൽ അല്ലാഹുവിന്റെ മാത്രം പ്രവർത്തനങ്ങളായ സൃഷ്ടി, സംവിധാനം, ജീവൻ നൽകിക്കൊണ്ടുള്ള സംരക്ഷണം, ഭക്ഷണം നൽകൽ, രാജാധിപത്യം, മരിപ്പിക്കൽ ഇവയെല്ലാം അല്ലാഹുവിനു മാത്രം ഏകീകരിക്കുന്നതായി സമ്മതിക്കുക.

❋❋❋

ചോദ്യം : 32. രക്ഷാകർതൃത്വത്തിലുള്ള ഏകത്വം സമ്മതിക്കുന്നത് മാത്രം ഒരാൾ ഇസ്ലാമാകുന്നതിന് മതിയാകുമോ ?

ഇസ്ലാമാകുന്നതിന് രക്ഷാകർതൃത്വത്തിലുള്ള ഏകത്വം മതിയാകില്ല. കാരണം നിശ്ചയമായും നബി ﷺ യുടെ കാലത്ത് മുശ്‌രിക്കുകൾ ഇക്കാര്യം അംഗീകരിച്ചവരായിരുന്നെങ്കിലും അതൊരു ഉപകാരവും അവർക്ക് ചെയ്തിട്ടില്ല. ഇതിന്റെ തെളിവായ അല്ലാഹുവിന്റെ വചനം.

وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ اللَّهُ ۖ

فَأَنَّىٰ يُؤْفَكُونَ ﴿ سورة الزخرف ٨٧﴾

“ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും അല്ലാഹു എന്ന്, അപ്പോൾ എങ്ങിനെയാണ് അവർ വ്യതിചലിക്കപ്പെടുന്നത്”.

❁❁❁

ചോദ്യം : 33. തൗഹീദുൽ ഉലൂഹിയ്യ അഥവാ ആരാധനയിലുള്ള ഏകത്വം എന്നാൽ എന്ത്?

തൗഹീദുൽ ഉലൂഹിയ്യ അഥവാ ആരാധനയിലുള്ള ഏകത്വം എന്നാൽ ആരാധനകൾ മൂലം അല്ലാഹുവിനെ ഏകനാക്കുക അതാണ് “ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല” എന്നതിന്റെ സാരം. “മനുഷ്യ പ്രവർത്തനങ്ങൾ കൊണ്ട് അല്ലാഹുവിനെ ഏകനാക്കുക”. ഇങ്ങനെയും പറയപ്പെട്ടിട്ടുണ്ട്

❁❁❁

### ചോദ്യം : 34. ആരാധനയിലുള്ള ഏകത്വം എന്നതിന്റെ പ്രാധാന്യം എന്താണ് ?

1. ആരാധന അല്ലാഹുവിന് മാത്രം : മനുഷ്യ ജിന്ന് വർഗ്ഗത്തെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം തന്നെ അതാകുന്നു.
2. ആരാധന അല്ലാഹുവിന് മാത്രം : പ്രവാചകന്മാരായ നബിമാരുടെയും ദൈവദൂതന്മാരുടെയും പ്രബോധനത്തിന്റെ ഉദ്ദേശ്യം അതാകുന്നു.
3. ആരാധന അല്ലാഹുവിന് മാത്രം : അല്ലാഹുവിനോട് അവന്റെ അടിമയുടെ ബാധ്യതയാകുന്നു.
4. ആരാധന അല്ലാഹുവിന് മാത്രം : കർമ്മങ്ങൾ ശരിയായിത്തീരുന്നതിന്റെ അടിസ്ഥാനമാകുന്നു.

❋❋❋

### ചോദ്യം : 35. നാമ–ഗുണവിശേഷണങ്ങളിലെ ഏകത്വമെന്നാൽ എന്താകുന്നു?

നാമഗുണവിശേഷണങ്ങളിലുള്ള (അസ്മാഉ വസ്സിഫാത്ത്) ഏകത്വമെന്നാൽ ഖുർആനിലും സുന്നത്തിലും വന്നപ്രകാരത്തിൽ അല്ലാഹുവിന്റെ നാമങ്ങളും ഗുണവിശേഷണങ്ങളും അതേപടി അംഗീകരിക്കലാണ്. സ്ഥിരീകരിക്കപ്പെട്ടത് സ്ഥിരപ്പെടുത്തുക; നിഷേധിക്കപ്പെട്ടത് മാറ്റമില്ലാതെയും തെറ്റ് വരാതെയും നിഷേധിക്കുക; കൃത്രിമങ്ങളും സാദൃശ്യങ്ങളുമില്ലാതെ അംഗീകരിക്കുക.

❋❋❋

### ചോദ്യം : 36. അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളിലെ ഏകത്വത്തെ കുറിച്ച് അഹലുസ്സുന്നത്തു വൽ ജമാഅത്തിന്റെ മാർഗ്ഗമേതായിരുന്നു?

അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ തൗഹീദ് അസ്മാഉ വസ്സിഫാത്തിലെ മാർഗ്ഗം ഇപ്രകാരം ആയിരുന്നു.

അല്ലാഹു അവനെ കുറിച്ച് ഉറച്ച് പറഞ്ഞ നാമ-ഗുണ വിശേഷണങ്ങൾ ഒരു വിധവും സാദൃശ്യങ്ങൾ പറയാത്ത വിധത്തിൽ അതേപടി സ്ഥിരപ്പെടുത്തുക. അല്ലാഹുവിനെ കുറിച്ച് നിഷേധിച്ച കാര്യങ്ങളിൽ നിന്ന് യാതൊരു മാറ്റവുമില്ലാത്ത വിധത്തിൽ വിട്ട് നില്ക്കുക. ഇതിന് അല്ലാഹുവിന്റെ വചനം തെളിവാകുന്നു.

﴿لَيْسَ كَمِثْلِهِ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ﴾ ١١ سورة الشورى

“അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു”.

ഇവിടെ لَيْسَ كَمِثْلِهِ شَيْءٌ ‘അവന് തുല്യമായി യാതൊന്നുമില്ല’ എന്ന വചനം ഉപമകളെയും സാദൃശ്യങ്ങളേയും തള്ളിക്കളയുന്നു.

وَهُوَ السَّمِيعُ الْبَصِيرُ ‘അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനും ആണ്’ എന്ന വചനം നിഷ്ക്രിയത്വത്തെയും ശൂന്യതയേയും നിഷേധിക്കുന്നു.

❋❋❋

### ചോദ്യം : 37. നാമ ഗുണ വിശേഷണങ്ങളിലെ ഏകത്വത്തിന്റെ പ്രാധാന്യം എന്ത്?

1. അല്ലാഹുവിലുള്ള വിശ്വാസം വർദ്ധിക്കുന്നു.
2. അല്ലാഹുവിന്റെ നാമങ്ങളേയും ഗുണവിശേഷണങ്ങളേയും അറിയുന്നതിലൂടെ അല്ലാഹുവിനെ അറിയുന്നു.
3. അല്ലാഹുവിനെ ഭയത്തോടും പ്രതീക്ഷയോടും സ്നേഹത്തോടും കൂടി ചെയ്യുന്നവ ഹൃദയത്തിന്റെ പ്രവർത്തനങ്ങളെ ശക്തമാക്കുന്നു.
4. അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങൾ ഉപമകളിൽ നിന്നും ന്യൂനതകളിൽ നിന്നും സംരക്ഷിച്ചാൽ, അശ്അരി, മുഅ്തസില, ജൗഹരി, കക്ഷികൾക്ക് സംഭവിച്ചത് പോലെയുള്ള പിഴവിൽ നിന്ന് രക്ഷപ്പെടാം.

❁❁❁

### ചോദ്യം : 38. തൗഹീദിന്റെ ശ്രേഷ്ഠതകൾ എന്തെല്ലാമാണ്?

തൗഹീദിന്റെ ശ്രേഷ്ഠതകൾ ധാരാളമുണ്ട്. അവയിൽ ചിലത്.

1. തിന്മകൾക്കും കുറ്റങ്ങൾക്കും മാപ്പ്.
2. ഇഹലോകത്തും പരലോകത്തും പരിപൂർണ്ണ നിർഭയത്വം.
3. ഈ ലോകത്ത് നല്ല ജീവിതം, പരലോകത്ത് മഹത്തായ പ്രതിഫലം.
4. സ്വർഗ്ഗ പ്രവേശനം.
5. നരകത്തിൽ നിന്ന് മോചനം.

❁❁❁

# അദ്ധ്യയം 6

# മതത്തിൽ നിന്ന് പുറത്ത് പോകൽ

## ചോദ്യം : 39. മതഭ്രഷ്ടനാകുക എന്നാൽ എന്ത്?

മതഭ്രഷ്ട് എന്നാൽ ഇസ്ലാമായതിന് ശേഷം ഒരാൾ സത്യനിഷേധിയാകൽ എന്നാണ്. അതിന്റെ തെളിവ് അല്ലാഹു പറയുന്നു.

وَمَن يَرْتَدِدْ مِنكُمْ عَن دِينِهِ فَيَمُتْ وَهُوَ كَافِرٌ فَأُولَٰئِكَ حَبِطَتْ أَعْمَالُهُمْ فِي الدُّنْيَا وَالْآخِرَةِ ۖ وَأُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ ﴿سورة البقرة٢١٧﴾

നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതത്തിൽ നിന്ന് പിന്മാറി സത്യനിഷേധിയായി മരണപ്പെടുന്നപക്ഷം, അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്. അവരാകുന്നു നരകാവകാശികൾ. അവർ അതിൽ നിത്യവാസികൾ ആയിരിക്കും.

❁❁❁

## ചോദ്യം : 40. മത ഭ്രഷ്ടിന്റെ ഇനങ്ങൾ ഏതെല്ലാം ?

മതഭ്രഷ്ട് അഞ്ച് ഇനങ്ങളാണ്, അവ

1. സംസാരം കൊണ്ട് മതത്തിൽ നിന്ന് പുറത്താകുക.
2. പ്രവൃത്തി കൊണ്ട് മതത്തിൽ നിന്ന് പുറത്താകുക.
3. വിശ്വാസം കൊണ്ട് മതത്തിൽ നിന്ന് പുറത്താകുക.
4. സംശയം കൊണ്ട് മതത്തിൽ നിന്ന് പുറത്താകുക.
5. ഉപേക്ഷ കൊണ്ട് മതത്തിൽ നിന്ന് പുറത്താകുക.

❁❁❁

## ചോദ്യം : 41. സംസാരം മൂലം മതഭ്രഷ്ടനാകുന്നതിന് ഉദാഹരണങ്ങൾ ഏവ ?

സംസാരം മൂലം മതത്തിൽ നിന്ന് പുറത്ത് പോകുന്നതിന് പല കാരണങ്ങളുമുണ്ട്. അവയിൽ ചിലത്.

1. അല്ലാഹുവിനെയോ അവന്റെ ദൂതനെയോ ചീത്തപറയൽ.
2. മറഞ്ഞ കാര്യങ്ങളുടെ അറിവിൽ തർക്കിക്കൽ.
3. പ്രവാചകനാണ് ഞാൻ എന്ന കളവ് വാദിക്കൽ.
4. അല്ലാഹുവിനല്ലാതെ മറ്റൊരാൾക്കും പറ്റാത്ത കാര്യങ്ങൾക്കായി അല്ലാഹു അല്ലാത്തവരോട് വിളിച്ച് തേടൽ.

❋❋❋

## ചോദ്യം : 42. പ്രവൃത്തി കൊണ്ട് മതഭ്രഷ്ടനാകുന്നതിന് ഉദാഹരണങ്ങൾ ഏവ ?

പ്രവൃത്തി മൂലം മതത്തിൽ നിന്ന് പുറത്താകുന്നതിന് പല കാരണങ്ങളുമുണ്ട്. അവയിൽ ചിലത്.

1. പ്രതിമകൾക്കും കല്ലുകൾക്കും ഖബറുകൾക്കും സുജൂദ് ചെയ്യൽ.
2. അവയ്ക്ക് വേണ്ടി ബലി അറുക്കൽ.
3. മാലിന്യങ്ങളിൽ മുസ്ഹഫ് വെയ്ക്കുക.
4. മാരണത്തിന്റെ പണി, പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക.

❋❋❋

## ചോദ്യം : 43. വിശ്വാസം മൂലം മതഭ്രഷ്ടനാകുന്നതിന്റെ ഉദാഹരണങ്ങൾ ഏതെല്ലാം?

വിശ്വാസം മൂലം മതത്തിൽ നിന്ന് പുറത്ത് പോകുന്നതിന് പല കാരണങ്ങളുമുണ്ട്. അവയിൽ ചിലത്.

1. അല്ലാഹുവിന് പങ്കുകാരുണ്ട്, എന്ന് വിശ്വസിക്കൽ.
2. മരണത്തിന് ശേഷം പുനരുദ്ധാനം ഇല്ല, സ്വർഗ്ഗവും നരകവും ഇല്ല,എന്ന് വിശ്വസിക്കൽ.

3. അല്ലാഹു ഹറാമാക്കിയത് ഹലാലാക്കൽ, ഉദാഹരണത്തിന് വ്യഭിചാരം, മദ്യപാനം, എന്നിവയിൽ അല്ലാഹു അവതരിപ്പിച്ചത് മുഖേനയല്ലാതെ വിധി തീർപ്പ് കൽപ്പിക്കൽ മുതലായവ.
4. മതനിയമങ്ങളും നിബന്ധനകളും നിഷേധിക്കുക. ഉദാ: നമസ്കാരം, സകാത്ത്, റമദാൻ നോമ്പ്, ഹജ്ജ് തുടങ്ങിയവ തള്ളിക്കളയുക.

❁❁❁

## ചോദ്യം : 44. സംശയം മൂലം മതഭ്രഷ്ടനാകുന്നതിന് ഉദാഹരണങ്ങൾ ഏത്?

സംശയം മൂലം മതത്തിൽ നിന്ന് പുറത്ത് പോകാൻ പല കാരണങ്ങളുണ്ട്, അവയിൽ ചിലത് :

1. മരണത്തിന് ശേഷം പുനരുദ്ധാനമുണ്ടോ എന്ന സംശയം. അതല്ലെങ്കിൽ സ്വർഗ്ഗവും നരകവും ഉണ്ടോ എന്ന സംശയം.
2. ഇസ്ലാം മതത്തെ കുറിച്ച് സംശയം അതല്ലെങ്കിൽ ഇക്കാലത്ത് അത് ശരിയാകുമോ എന്ന സംശയം.
3. നബി ﷺ യുടെ പ്രവാചകത്വത്തെ കുറിച്ച് സംശയം അതല്ലെങ്കിൽ അത് സത്യം തന്നെയാണോ എന്ന സംശയം.
4. വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് സംശയം , അത് അല്ലാഹുവിന്റെ വാക്കുകൾ തന്നെയാണോ എന്ന സംശയം.

❁❁❁

## ചോദ്യം : 45. കർമ്മം ഉപേക്ഷിക്കുന്നത് കൊണ്ട് മതഭ്രഷ്ടനാകുന്നതിന്റെ ഉദാഹരണം ഏതാണ്?

നമസ്കാരം മന:പ്പൂർവ്വം ഉപേക്ഷിക്കൽ ഇതിന് ഉദാഹരണമാണ്.

നബി ﷺ പറയുന്നു. ഒരു മുസ്ലിമിന്റെയും ശിർക്ക് – കുഫ്റിന്റെയും ഇടയിലെ വ്യത്യാസം നമസ്കാരം ഉപേക്ഷിക്കൽ ആകുന്നു. (മുസ്ലിം-82)

❁❁❁.

# അദ്ധ്യായം 7

# ബഹുദൈവ വിശ്വാസം

## ചോദ്യം : 46. എന്താണ് ശിർക്കിന്റെ ഇനങ്ങൾ?

ശിർക്ക് അഥവാ അല്ലാഹുവിൽ പങ്ക് ചേർക്കൽ രണ്ട് വിധമാണ്.

1. ഏറ്റവും വലിയ ശിർക്ക്.
2. ചെറിയ ശിർക്ക്

❁❁❁

## ചോദ്യം : 47. ഏറ്റവും വലിയ ശിർക്ക് എന്നാൽ എന്താകുന്നു?

ഏറ്റവും വലിയ ശിർക്ക് എന്നാൽ ഏതെങ്കിലും ഒരു ഇബാദത്ത് അല്ലാഹു അല്ലാത്തവർക്ക് ചെയ്യലാണ്.

❁❁❁

## ചോദ്യം : 48. ഏറ്റവും വലിയ ശിർക്കിന് ഉദാഹരണങ്ങൾ പറയുക.?

വലിയ ശിർക്കിനുള്ള ഉദാഹരണങ്ങളിൽ ചിലത്..

അല്ലാഹു അല്ലാത്തവരോടുള്ള വിളിച്ചുതേട്ടം, അല്ലാഹുവിന്റെ സാമീപ്യം കിട്ടുവാൻ ഖബറാളികൾ, ജിന്നുകൾ, പിശാചുക്കൾ മുതലായവക്ക് വേണ്ടി ബലിയറുക്കൽ, ഉദ്ദിഷ്ട കാര്യസിദ്ധിയും ദു:ഖ നിവാരണവും ആഗ്രഹസഫലീകരണവും തുടങ്ങി അല്ലാഹുവിനല്ലാതെ ആർക്കും സാധ്യമാകാത്ത കാര്യങ്ങൾ അല്ലാഹു അല്ലാത്തവരിൽ നിന്ന് ലഭിക്കും എന്ന് പ്രതീക്ഷിക്കൽ.

❁❁❁

ചോദ്യം : 49. വലിയ ശിർക്ക് കൊണ്ടുള്ള ദുഷ്ഫലവും കുഴപ്പവും എന്താണ്?

വലിയ ശിർക്ക് ഗുരുതരമായ പാപമാണ് അത് മൂലം നിരവധി നാശവുമുണ്ട്..

1. വലിയ ശിർക്ക് മൂലം ഇസ്ലാമിൽ നിന്ന് പുറത്താകുന്നു.
2. വലിയ ശിർക്ക് മൂലം എല്ലാ കർമ്മങ്ങളും വിഫലമായിത്തീരുന്നു.
3. വലിയ ശിർക്ക് സ്വർഗ്ഗപ്രവേശനത്തിന് തടസ്സമാകുകയും അതോടെ മരണമടയുന്നയാൾ നരകത്തിൽ ശാശ്വതവാസിയാകുകയും ചെയ്യുന്നു.

❁❁❁

ചോദ്യം : 50. വലിയ ശിർക്കിൽ വീണ് പോകാനുള്ള കാരണങ്ങൾ എന്തെല്ലാം?

വലിയ ശിർക്ക് സംഭവിച്ച് പോകാനിടയാക്കുന്ന നിരവധി കാരണങ്ങളുണ്ട്.

1. സ്വാലിഹുകളായ സദ്-വൃത്തരായ മനുഷ്യരെ കുറിച്ച് അതിര് കവിയൽ.
2. ഏകദൈവ വിശ്വാസത്തെ കുറിച്ചും ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ അർത്ഥത്തെ കുറിച്ചും അറിവില്ലായ്മ.
3. സ്വന്തം ഇച്ഛകളെ പിൻപറ്റൽ.
4. അന്ധമായ അനുകരണഭ്രമം

❁❁❁

ചോദ്യം : 51. ഏറ്റവും ചെറിയ ശിർക്ക് ഏതാണ്?

ഏറ്റവും ചെറിയ ശിർക്ക് എന്നാൽ ഇസ്ലാമിക നിയമങ്ങൾ വിലക്കിയതും വലിയ ശിർക്കിലേക്കെത്താൻ കാരണമാകുന്നതുമായ കാര്യങ്ങൾ. വലിയ ശിർക്കിലേക്കെത്തിക്കുന്ന മാർഗ്ഗങ്ങൾ എല്ലാം തന്നെ ശിർക്കാകുന്നുവെന്ന് രേഖകളിൽ വന്നിട്ടുണ്ട്.

❁❁❁

## ചോദ്യം : 52. ചെറിയ ശിർക്കിന്റെ ഇനങ്ങൾ പറയുക?

ചെറിയ ശിർക്കുകൾ രണ്ട് ഇനമാണ്.

ഒന്നാം ഇനം – പ്രത്യക്ഷമായ ശിർക്ക്. ഇത് രണ്ട് വിധമുണ്ട്.

1. സംസാരത്തിൽ വരുന്ന ശിർക്ക്.

ഉദാ: അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ

അല്ലാഹുവും താങ്കളും കാരണമായി എന്ന് തുടങ്ങുന്നവ

2. പ്രവൃത്തിയിൽ വരുന്ന ശിർക്ക്.

ഉദാ: ഏതെങ്കിലും ഉപദ്രവം തടുക്കുന്നതിനായി വളകളും നൂലുകളും ധരിക്കുക, അല്ലെങ്കിൽ കണ്ണ് തട്ടാതിരിക്കാനും മറ്റും ഉറുക്ക്, ഏലസ്സ്, ഐക്കല്ല് എന്നിവ കെട്ടുക.

രണ്ടാം ഇനം – നിസ്സാരമായ ശിർക്ക്, ആരാധനയിൽ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന കാര്യങ്ങൾ.

❋❋❋

## ചോദ്യം : 53. ചെറിയ ശിർക്കും വലിയ ശിർക്കും തമ്മിലെ വിത്യാസമെന്ത്?

ചെറിയതും വലിയതുമായ ശിർക്കിലെ വ്യത്യാസം താഴെ പറയുന്ന വിഷയങ്ങളിലാണ്.

1. വലിയ ശിർക്ക് മൂലം ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്നു. ചെറിയ ശിർക്ക് മൂലം ഇസ്ലാമിൽ നിന്ന് പുറത്ത് പോകില്ല. പക്ഷേ തൗഹീദിൽ കുറവ് സംഭവിക്കുന്നു.
2. വലിയ ശിർക്ക് എല്ലാ സൽകർമ്മങ്ങളും ദുഷ്ഫലമാക്കുന്നു. ചെറിയ ശിർക്ക് എല്ലാ സൽകർമ്മങ്ങളും ദുഷ്ഫലമാക്കുന്നില്ല. പക്ഷെ നിശ്ചയമായും ആളുകളെ കാണിക്കാൻ ചെയ്ത കാര്യം മാത്രം പാഴായി പോകുന്നു.
3. വലിയ ശിർക്ക് ചെയ്യുന്ന ആൾ സ്ഥിരമായി നരകത്തിൽ താമസിക്കും. ചെറിയ ശിർക്ക് ചെയ്യുന്ന ആൾ നരകത്തിൽ പ്രവേശിച്ചിരുന്നാലും സ്ഥിരവാസി ആയിരിക്കുകയില്ല.

❋❋❋.

# അദ്ധ്യായം 8

# കാപട്യം

**ചോദ്യം : 54. കാപട്യത്തിന്റെ ഇനങ്ങൾ എന്തെല്ലാം ?**

കാപട്യം രണ്ട് വിധമാണ്.

1. വിശ്വാസത്തിലുള്ള കാപട്യം. വലിയ കാപട്യം എന്നും പറയും.
2. പ്രവൃത്തിയിലുള്ള കാപട്യം. ഇതിന് ചെറിയ കാപട്യം എന്ന് പറയുന്നു.

❋❋❋

**ചോദ്യം : 55. വിശ്വാസപരമായ കാപട്യം എന്നാൽ എന്ത് ?**

വിശ്വാസപരമായ കാപട്യമെന്നാൽ ഇസ്ലാമിനെ എതിർക്കലും ശിർക്കിനെ പിന്താങ്ങലുമാകുന്നു.

❋❋❋

**ചോദ്യം : 56. വിശ്വാസത്തിലുള്ള കാപട്യം എന്താണ് ?**

വിശ്വാസത്തിലുള്ള കാപട്യം ആറ് ഇനങ്ങളാകുന്നു.

1. റസൂൽ ﷺ യെ കളവാക്കൽ.
2. റസൂൽ ﷺ കൊണ്ടുവന്ന ചില കാര്യങ്ങൾ കളവാക്കൽ.
3. റസൂൽ ﷺ യെ വെറുക്കൽ.
4. റസൂൽ ﷺ കൊണ്ടുവന്ന ചില കാര്യങ്ങൾ വെറുക്കൽ.
5. റസൂൽ ﷺ കൊണ്ടുവന്ന ദീനിനെ നിന്ദിക്കുമ്പോൾ സന്തോഷിക്കുക.
6. റസൂൽ ﷺ കൊണ്ടുവന്ന ദീനിനെ സഹായിക്കാൻ വെറുപ്പുണ്ടാകുക.

❋❋❋

## ചോദ്യം : 57. പ്രവൃത്തി മൂലമുള്ള കാപട്യം എന്നാൽ എന്താണ് ?

പ്രവൃത്തി മൂലമുള്ള കാപട്യം എന്നാൽ മനസ്സിൽ വിശ്വാസമുള്ളതോടൊപ്പം കപടന്മാർ ചെയ്യുന്ന ചില പ്രവൃത്തികൾ ചെയ്യുക. നുണ പറയൽ, ചതി, വഞ്ചന, ജമാഅത്ത് നമസ്കാരങ്ങൾക്ക് മടി കാണിക്കൽ എന്നിവ.

❋❋❋

## ചോദ്യം : 58. വിശ്വാസപരവും കർമ്മപരവുമായ കാപട്യങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത് ?

വിശ്വാസപരവും കർമ്മപരവുമായ കാപട്യങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങൾ താഴെ പറയുന്നു.

1. വിശ്വാസപരമായ കാപട്യം മൂലം ഇസ്ലാമിൽ നിന്ന് പുറത്ത്പോകുന്നു. കർമ്മപരമായ കാപട്യം മൂലം ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്നില്ല.
2. വിശ്വാസപരമായ കാപട്യം രഹസ്യവും പരസ്യവും തമ്മിൽ വ്യത്യാസമുണ്ടാകും. കർമ്മപരമായ കാപട്യത്തിൽ രഹസ്യ പരസ്യ വ്യത്യാസങ്ങൾ ഇല്ല.
3. വിശ്വാസപരമായ കാപട്യം യഥാർത്ഥ സത്യവിശ്വാസിയിൽ നിന്നുണ്ടാകില്ല. കർമ്മപരമായ കാപട്യം സത്യവിശ്വാസിയിൽ നിന്നു പോലും ഉണ്ടാകും

❋❋❋

# അദ്ധ്യായം 9

# ആരാധനകളും അനാചാരങ്ങളും

ചോദ്യം : 59. എന്തിന് വേണ്ടിയാണ് അല്ലാഹു നമ്മെ സൃഷ്ടിച്ചത്? എന്താണ് അതിന്റെ തെളിവ്?

അല്ലാഹു നമ്മെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം ആരാരും പങ്കുകാരില്ലാത്ത അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ്.

അതിനുള്ള തെളിവ് അല്ലാഹു പറയുന്നു.

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴿ سورة الذاريات ٥٦﴾

“മനുഷ്യരെയും ജിന്നുകളെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല”.

❁❁❁

ചോദ്യം : 60. ഇബാദത്തിന്റെ സാരമെന്ത്?

അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന എല്ലാ വിധ പ്രത്യക്ഷവും പരോക്ഷവുമായ വാക്കുകളും പ്രവൃത്തികളും ഇബാദത്ത് എന്ന് മൊത്തമായി പറയപ്പെടുന്നു.

❁❁❁

ചോദ്യം : 61. ഇബാദത്തുകൾ സ്വീകരിക്കപ്പെടുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ്?

ഇബാദത്തുകൾ സ്വീകരിക്കപ്പെടാൻ രണ്ട് നിബന്ധനകളുണ്ട്.

1. അല്ലാഹുവിന് വേണ്ടി മാത്രം ആത്മാർത്ഥമായിരിക്കുക.
2. നബി ﷺ യുടെ സുന്നത്തുകളെ പിൻപറ്റിക്കൊണ്ടും ആയിരിക്കുക.

❁❁❁

**ചോദ്യം : 62. അല്ലാഹുവിന് വേണ്ടി മാത്രം ആത്മാർത്ഥമായിരിക്കുക എന്നാൽ എന്താണ്?**

മറ്റാരെയെങ്കിലും കാണിക്കാനോ കേൾപ്പിക്കാനോ ഏത് വിധേനയും മറ്റൊരാളെ പങ്ക് ചേർക്കാത്ത വിധം ആരാധനയെ ശുദ്ധമാക്കലാണ് ആത്മാർത്ഥത.

❁❁❁

**ചോദ്യം : 63. അല്ലാഹുവിന് മാത്രം ആത്മാർത്ഥമാണെന്ന നിലയിൽ നിർബന്ധമാണെന്നതിന് തെളിവ് എന്താകുന്നു?**

നിർബന്ധമായും അല്ലാഹുവിന് മാത്രം ആത്മാർത്ഥമായിരിക്കേണമെന്നതിന്റെ തെളിവ്

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ ﴿ سورة البينة ٥ ﴾

“ആത്മാർത്ഥമായി അല്ലാഹുവിനെ മാത്രം കീഴൊതുങ്ങിക്കൊണ്ട് വളവില്ലാതെ ആരാധിക്കുവാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം”.

❁❁❁

**ചോദ്യം : 64. നബി ﷺ യുടെ സുന്നത്തുകളെ പിൻപറ്റുകയെന്നാലെന്താണ് സാരം ?**

നബി ﷺ യെ പിൻപറ്റൽ എന്നാൽ അല്ലാഹുവിനെ ആരാധിക്കുന്നത് റസൂൽ ﷺ യെ മാതൃക ആക്കിക്കൊണ്ടായിരിക്കണം എന്നർത്ഥം.

അഥവാ ഇബാദത്ത് നബി ﷺ കാണിച്ചു തന്ന രൂപത്തിലും ഭാവത്തിലും എണ്ണത്തിലും, സ്ഥലത്തിനും സന്ദർഭത്തിനും യോജിക്കുന്നതാകണം. യാതൊരു വിധ ബിദ്അത്തുകളും കൂടിക്കലരരുത്.

❁❁❁

### ചോദ്യം : 65. നബി ﷺ യെ പിന്തുടരൽ നിർബന്ധമാണെന്നതിന്റെ തെളിവെന്താണ്?

നബി ﷺ യെ പിന്തുടരൽ നിർബന്ധമാണെന്നതിന്റെ തെളിവ് അല്ലാഹുവിന്റെ വചനമണ്.

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ

﴿ سورة آل عمران ٣١﴾

“നബിയേ പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരുകയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ”..

❁❁❁

### ചോദ്യം : 66. മതത്തിലെ ബിദ്അത്ത് എന്നാലെന്താണ് ?

ബിദ്അത്ത് എന്നാൽ അല്ലാഹു വിധിക്കാത്ത വിധത്തിൽ അല്ലാഹുവിനെ ആരാധിക്കുക എന്നാകുന്നു. ഇങ്ങനെയും പറയപ്പെട്ടിട്ടുണ്ട്.. ഖുർആനിലും സുന്നത്തിലും ഒരു അടിസ്ഥാനവുമില്ലാത്തതും ജനങ്ങൾ സ്വയം കെട്ടിച്ചമച്ച് ഉണ്ടാക്കിയതുമായ എല്ലാ ഇബാദത്തുകളും 4 ഖുലഫാഉ റാശിദുകളുടെ പ്രവർത്തനങ്ങളിൽ പോലും മാതൃക കാണാത്തതും ബിദ്അത്താകുന്നു.

❁❁❁

ചോദ്യം : 67. മതത്തിൽ കാണുന്ന ബിദ്അത്തുകളെ സംബന്ധിച്ചുള്ള മതവിധി എന്താകുന്നു ?

മതത്തിലുള്ള എല്ലാ ബിദ്അത്തുകളും നിഷിദ്ധവും പിഴച്ചതുമാണ്. അതിനുള്ള തെളിവ് നബിﷺ യുടെ ഹദീസ്:

من أحدث في أمرنا هذا ما ليس منه فهو رد

“നമ്മുടെ ഈ (ദീൻ) കാര്യത്തിൽ ആരെങ്കിലും പുതിയതായി എന്തെങ്കിലും ഉണ്ടാക്കിയാൽ അവനെ (അത്) തള്ളപ്പെടേണ്ടതാണ്”. (ബുഖാരി,മുസ്ലിം)

മറ്റൊരു ഹദീസിൽ

كل بدعه ضلالة

“എല്ലാ ബിദ്അത്തുകളും പിഴച്ചതാകുന്നു”. (മുസ്ലിം)

❋❋❋

ചോദ്യം : 68. മതത്തിലുള്ള ബിദ്അത്തുകളുടെ ഇനങ്ങൾ ഏതെല്ലാമാണ്?

മതത്തിൽ കാണുന്ന ബിദ്അത്തുകൾ രണ്ട് ഇനമാണ്.

ഒന്ന്: വിശ്വാസപരമായും വാക്കുകളിലുള്ളതുമായ ബിദ്അത്തുകൾ പിഴച്ചവാദക്കാരായ ജഹ്മികൾ, മുഅ്തസിലാ, ഖവാരിജ്, റാഫിള് തുടങ്ങിയ എല്ലാ വിഭാഗങ്ങളിലുള്ളവരുടെയും ലേഖനങ്ങളും പുസ്തകങ്ങളും ഗ്രന്ഥങ്ങളും അവരുടെ വിശ്വാസങ്ങളും ഇതിൽ ഉൾപ്പെടുന്നു.

രണ്ട്: ഇബാദത്തുകൾ അല്ലാഹു നിയമമാക്കി വിധിക്കാത്ത രൂപത്തിൽ നിർവ്വഹിക്കുന്ന രീതി. ഇത് രണ്ട് വിധം കാണാം.

1. ദീനിൻെറ അടിസ്ഥാനത്തിൽ തന്നെ നിയമം ഇല്ലാത്ത ഖബറുകളെ പ്രദക്ഷിണം (ത്വവാഫ്) ചെയ്യൽ, മൗലിദ് ആഘോഷങ്ങൾ സംഘടിപ്പിക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ പുതുതായി ഉണ്ടാക്കിയെടുക്കുന്ന രീതി.

2. പ്രത്യേക ദിക്റുകളോ കൂട്ടപ്രാർത്ഥനകളോ പോലെ നിയമമാക്കപ്പെട്ട ഇബാദത്തുകളുടെ വിശേഷണങ്ങളിൽ കൂട്ടിച്ചേർത്തോ വെട്ടിച്ചുരുക്കിയോ ഉണ്ടാക്കുന്ന രീതി.
3. മതനിയമത്തിൽ നിശ്ചയിച്ചിട്ടില്ലാത്ത ഇബാദത്തുകൾ പ്രത്യേക സമയങ്ങളിൽ സൃഷ്ടിച്ചുണ്ടാക്കുന്ന രീതി.

ഉദാഹരണം ശഅ്ബാൻ പകുതിയിലെ ദിവസം പ്രത്യേകം ഒരു നോമ്പ് അല്ലെങ്കിൽ അന്ന് രാത്രി പ്രത്യേകം ഒരു നമസ്കാരം

❁❁❁

**ചോദ്യം : 69. മതത്തിൽ കാണപ്പെടുന്ന ബിദ്അത്തുകൾക്ക് ചില ഉദാഹരണങ്ങൾ പറയുക.**

മതത്തിൽ ധാരാളം ബിദ്അത്തുകൾ ഉണ്ട്. അതിൽ സുപ്രധാനമായവ.

1. നബിദിനാഘോഷം.
2. ഇസ്രാഅ്, മിഅ്റാജ് ആഘോഷം.
3. ഖബറുകൾ കെട്ടിപ്പൊക്കൽ, അവയിൽ പള്ളിയുണ്ടാക്കൽ.

❁❁❁

**ചോദ്യം : 70. ബിദ്അത്തുകൾ സംഭവിക്കാൻ കാരണങ്ങൾ എന്തെല്ലാമാണ്?**

ബിദ്അത്തുകളിൽ വീണുപോകാൻ പല കാരണങ്ങളുണ്ട്.

1. മതനിയമങ്ങളെ കുറിച്ചുള്ള അറിവ്കേട്.
2. സ്വന്തം ഇഛകൾ പിൻപറ്റുക.
3. അന്ധമായ അനുകരണങ്ങൾ.
4. അവിശ്വാസികളോട് സാമ്യത ഉണ്ടാക്കൽ.

❁❁❁

.

# അദ്ധ്യായം 10

## വുളൂഉം കുളിയും

**ചോദ്യം : 71. "വുളൂഅ്" എന്നാൽ എന്താണ് ?**

വളൂഅ് എന്നാൽ ശരീരത്തിലെ നിർണ്ണിതമായ അവയവങ്ങൾ കഴുകലും തടവലുമാണ്.

❋❋❋

**ചോദ്യം : 72. വുളൂഇൻെറ നിബന്ധനകൾ ഏവ ?**

വുളൂഇൻെറ നിബന്ധനകൾ പത്താകുന്നു

1. മുസ്ലിമാകുക
2. ബുദ്ധിയുണ്ടാകുക.
3. വിവേചനശേഷി ഉണ്ടാകുക.
4. നിയ്യത്ത് കരുതിയിരിക്കുക.
5. തുടക്കം മുതൽ പൂർണ്ണമാകും വരെ മുറിയാതിരിക്കാൻ ഉദ്ദേശിക്കുക, നിയമം അറിയുക.
6. വുളൂഅ് മുറിഞ്ഞിരിക്കുക.
7. മലമൂത്രവിസർജ്ജനത്തിൽ നിന്ന് ശുദ്ധവുമായിരിക്കുക.
8. അനുവദനീയവും ശുദ്ധവുമായ വെള്ളം ഉപയോഗിക്കുക.
9. വെള്ളം തട്ടാത്ത വസ്തുക്കൾ ശരീരത്തിൽ നിന്ന് നീക്കുക.
10. നമസ്കാര സമയം വരെയും തുടർച്ചയായി അശുദ്ധനാകാതിരിക്കുക.

❋❋❋

**ചോദ്യം : 73. വുളുവിൻെറ ഫർളുകൾ ഏതെല്ലാം ?**

1. മുഖം കഴുകുക – വായ്കൊപ്ലിക്കലും മൂക്ക് ചീററലും കൂടി
2. രണ്ട് കൈകളും മുട്ട് ഉൾപ്പെടെ കഴുകുക.
3. തലമുഴുവൻ തടവുക – ചെവികളും ഉൾപ്പെടെ
4. രണ്ടുകാലുകളും കണങ്കാൽ ഉൾപ്പെടെ കഴുകുക.
5. വഴിക്ക് വഴിയായി കഴുകുക.
6. തുടരെത്തുടരെയായിരിക്കുക.

❋❋❋

**ചോദ്യം : 74. വുളൂഅ് മുറിയുന്ന കാര്യങ്ങൾ ഏതെല്ലാമാണ് ?**

വുളൂഅ് മുറിയുന്ന കാര്യങ്ങൾ നാലാണ്.

1. മുൻ – പിൻ ദ്വാരങ്ങളിലൂടെ പുറത്തുവരുന്നവ എല്ലാം. വായു, മൂത്രം, കാഷ്ഠം, മദ്‌യ്.
2. ലഘുവായ മയക്കം ഒഴികെയുള്ള ഉറക്കം. ബോധക്ഷയം, ഭ്രാന്ത് ഇവമൂലം ബോധമില്ലാതിരിക്കുക.
3. ഒട്ടകമാംസം ഭക്ഷിക്കുക.
4. മറകൂടാതെ ലൈംഗീകാവയവം സ്പർശിക്കുക.

❁❁❁

**ചോദ്യം : 75. വുളു മുറിയുന്ന ഏതെങ്കിലും ഒരു കാര്യം സംഭവിച്ചാൽ വുളു ചെയ്യൽ നിർബന്ധമാണെന്നതിന്ന് എന്താണ് തെളിവ് ?**

വുളു ചെയ്യൽ നിർബന്ധമാണെന്നതിന്ന് തെളിവ് അല്ലാഹു പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَاةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ
وَامْسَحُوا بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَيْنِ (سورة المائدة – 06)

"സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ട് കൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണി വരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക.''

❁❁❁

**ചോദ്യം : 76. കുളിയെന്നാൽ എന്താണർത്ഥം ?**

കുളിയെന്നാൽ ശരീരം മുഴുവൻ ഒരു പ്രത്യേക തരത്തിൽ വെള്ളം ഉപയോഗിച്ച് കഴുകലാണ്.

❁❁❁

## ചോദ്യം : 77. കുളി നിർബന്ധമാകുന്നതിൻെറ കാരണങ്ങൾ ഏവ ?

കുളി നിർബന്ധമാകാൻ മൂന്ന് കാരണങ്ങളുണ്ട്.

1. പ്രത്യേക സുഖത്തോടെ ഇന്ദ്രിയം പുറപ്പെടുക.
2. സംയോഗം; ഇന്ദ്രിയസ്ഖലനം ഇല്ലെങ്കിലും ശരി.
3. സ്ത്രീകളുടെ മാസമുറയും പ്രസവ രക്തവും മൂലം.

❋❋❋

## ചോദ്യം : 78. കുളി നിർബന്ധമായ കാരണങ്ങളുണ്ടായാൽ കുളിക്കൽ നിർബന്ധമാണെന്നതിന്ന് എന്താണ് തെളിവ് ?

നിർബന്ധമായി കുളിക്കേണ്ടതിന്ന് തെളിവ്

وَإِن كُنتُمْ جُنُبًا فَاطَّهَّرُوا (سورة المائدة– 06)

"നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക"

❋❋❋

## ചോദ്യം : 79. വുളൂഇൻെറയും കുളിയുടേയും നന്മകൾ ഏവ ?

വുളൂഇൻെറയും കുളിയുടേയും ഗുണങ്ങൾ ഏറെയുണ്ട്.

1. ഇസ്ലാം ആന്തരികവും ബാഹ്യവുമായ ശുദ്ധിയിലേക്ക് ക്ഷണിക്കുന്ന മഹത്തായ മതമാണ്.
2. വുളൂഇൻെറ അംഗങ്ങളിൽ നിന്നുണ്ടായ പാപങ്ങളും തിന്മകളും പൊറുക്കപ്പെടും
3. ശാരീരിക ആരോഗ്യവും ഉന്മേഷവും സുഖവും കാത്തുസുക്ഷിക്കും
4. അല്ലാഹുമായി നമസ്കാരത്തിലൂടെ അഭിമുഖമായി സംവദിക്കുമ്പോൾ ഏററവും നല്ല അവസ്ഥയിലായിരിക്കാനുള്ള ഒരുക്കമാണ് വുളൂഅ്.

❋❋❋.

# അദ്ധ്യായം 11

# നമസ്കാരം

ചോദ്യം : 80. നമസ്കാരമെന്നാൽ എന്താണ് ?

നമസ്കാരമെന്നാൽ തക്ബീറത്തുൽ ഇഹ്റാം കൊണ്ട് തുടങ്ങി സലാം വീട്ടിക്കൊണ്ട് അവസാനിപ്പിക്കുന്ന പ്രവർത്തനങ്ങളും വാക്കുകളും അടങ്ങിയ ആരാധനയാണ്.

❋❋❋

ചോദ്യം : 81. എല്ലാ ഓരോ മുസ്ലിം സ്ത്രീപുരുഷനും, നിർബന്ധമായ നമസ്കാരങ്ങൾ ഏതെല്ലാമാണ് ?

രാവും പകലുമായി അഞ്ചു നമസ്കാരങ്ങളാണ് നിർബന്ധമായിട്ടുള്ളത്.

1. ഫജർ (രണ്ട് റകഅത്ത്)
2. ളുഹർ (നാലു റകഅത്ത്)
3. അസർ (നാലു റകഅത്ത്)
4. മഗ്രിബ് (മൂന്ന് റകഅത്ത്)
5. ഇശാഅ് (നാലു റകഅത്ത്)

❋❋❋

ചോദ്യം : 82. അഞ്ചു സമയം നമസ്കാരം നിർബന്ധമാണെന്നതിന് തെളിവുകൾ എന്താണ് ?

അഞ്ചു സമയം നമസ്കാരം നിർബന്ധമാണെന്നതിനുള്ള തെളിവ് അല്ലാഹു പറയുന്നു.

حَافِظُوا عَلَى الصَّلَوَاتِ وَالصَّلَاةِ الْوُسْطَىٰ وَقُومُوا لِلَّهِ قَانِتِينَ (سورة البقر 238)

“പ്രാർത്ഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്”.

❋❋❋

## ചോദ്യം : 83. നമസ്കാരം ഉപേക്ഷിക്കുന്നതിൻെറ വിധിയെന്ത് ? അതിൻെറ തെളിവ് ഏത് ?

നമസ്കാരം ഉപേക്ഷിക്കൽ സത്യനിഷേധവും ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്നതുമാണ്. അതിൻെറ തെളിവ്. നബി ﷺ പറഞ്ഞു:

إن بين الرجل وبين الشرك والكفر ترك الصلاة

“നിശ്ചയമായും ഒരു മുസ്ലിമിൻെറയും ശിർക്ക് കുഫ്റിൻെറയും ഇടയിലുള്ള വ്യത്യാസം നമസ്കാരമാണ്”.

❋❋❋

## ചോദ്യം : 84. നമസ്കാരത്തിൻെറ (ശർത്തുകൾ) നിബന്ധനകൾ ഏതെല്ലാം ?

നമസ്കാരത്തിൻെറ (ശർത്തുകൾ) നിബന്ധനകൾ 9 ആകുന്നു.

1. ഇസ്ലാം
2. ബുദ്ധി
3. സമയമാകുക
4. നഗ്നത മറക്കുക
5. വിവേചനശേഷി
6. ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധമായിരിക്കുക
7. മാലിന്യങ്ങൾ നീക്കം ചെയ്യുക
8. നിയ്യത്ത് മനസ്സിൽ കരുതുക
9. ഖിബ്‌ലാക്ക് തിരിയുക

❋❋❋

## ചോദ്യം : 85. നമസ്കാരത്തിൻെറ അവിഭാജ്യ ഘടകങ്ങൾ (റുക്നുകൾ) ഏതെല്ലാം ?

നമസ്കാരത്തിൻെറ റുക്നുകൾ 14 എണ്ണമാണ്.

1. കഴിയുന്നവർ നിൽക്കുക.
2. തക്ബീറത്തുൽ ഇഹ്റാം
3. ഫാതിഹ ഓതൽ
4. റുകൂഅ് ചെയ്യൽ

5. റുകൂഇിൽ നിന്ന് ഉയർന്ന് നിവർന്ന് നിൽക്കൽ
6. 7 അംഗങ്ങൾ നിലത്ത് മുട്ടിച്ച് സുജൂദ് ചെയ്യൽ
7. സുജൂദിൽ നിന്നുയരൽ
8. രണ്ടു സുജൂദുകൾക്കിടയിൽ ഇരിക്കൽ
9. എല്ലാ റുകുനുകൾക്കും അനങ്ങാതെ അടങ്ങൽ
10. വഴിക്കുവഴിയായി ചെയ്യൽ
11. അവസാനത്തെ തശഹുദ്
12. അവസാനത്തെ തശഹുദിൻെറ ഇരുത്തം
13. നബി ﷺ യുടെ പേരിലുള്ള സ്വലാത്ത്
14. രണ്ടു സലാം വീട്ടൽ

❁❁❁

ചോദ്യം : 86. സുറത്തുൽ ഫാത്തിഹ ഏതാകുന്നു ?

സുറത്തുൽ ഫാത്തിഹ : വിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്തായ അദ്ധ്യായം, ഇത് പാരായണം ചെയ്യാതെ നമസ്കാരം ശരിയാവുകയില്ല.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ﴿١﴾ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿٢﴾ الرَّحْمَٰنِ الرَّحِيمِ ﴿٣﴾
مَالِكِ يَوْمِ الدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ اهْدِنَا الصِّرَاطَ الْمُسْتَقِيمَ
﴿٦﴾ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ﴿٧﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ . (1) സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. (2) പരമകാരുണികനും കരുണാനിധിയും. (3) പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. (4) നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. (5) ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. (6) നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ . കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല. (7)

❁❁❁

ചോദ്യം : 87. നമസ്കാരത്തിൻെറ നിർബന്ധങ്ങൾ (വാജിബുകൾ) ഏതെല്ലാം ?

നമസ്കാരത്തിൻെറ നിർബന്ധങ്ങൾ 'വാജിബ്' എട്ടെണ്ണമാണ്.

1. തക്ബീറത്തുൽ ഇഹ്റാം ഒഴികെയുള്ള എല്ലാ തക്ബീറുകളും
2. റുകുഇൽ പറയുന്ന "സുബ്ഹാന റബ്ബിയൽ അളീം"
3. ഇമാമും ഒറ്റയ്ക്ക് നമസ്കരിക്കുന്നയാളും പറയുന്ന "സമിഅല്ലാഹു ലിമൻ ഹമിദഃ"
4. എല്ലാവരും പറയേണ്ടതായ "റബ്ബനാ വലകൽ ഹംദ്"
5. സുജൂദിൽ പറയുന്ന "സുബ്ഹാന റബ്ബിയൽ അഅ്ലാ"
6. രണ്ടു സുജൂദുകൾക്കിടയിൽ പറയുന്ന "റബ്ബിഗ്ഫിർലീ"
7. ഒന്നാമത്തെ തശഹുദ്
8. ഒന്നാമത്തെ തശഹുദിൻെറ ഇരുത്തം.

❋❋❋

ചോദ്യം : 88. ഒന്നാമത്തെ തശഹുദ് എന്നാൽ എന്താണ് ?

ഒന്നാമത്തെ തശഹുദ് എന്നാൽ നമസ്കരിക്കുന്നവർ ഇപ്രകാരം പറയുന്നതിനാണ്.

«التحيات لله والصلوات و الطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا وعلى عباد الله الصالحين، أشهد أن لا إله إلا الله وأشهد أن محمدا عبده ورسوله.»

❋❋❋

ചോദ്യം : 89. എപ്പോഴാണ് ഒന്നാം തശഹുദ് ചൊല്ലേണ്ടത് ?

രണ്ടാം റക്അത്തിൻെറ രണ്ടാം സുജൂദിന് ശേഷം ഇരിക്കുമ്പോഴാണ് ഒന്നാം തശഹുദ് ചൊല്ലേണ്ടത് അത് ളുഹ്റിലും, അസറിലും മഗ്രിബിലും, ഇശാഇലും വരുന്നതാണ്.

❋❋❋

ചോദ്യം : 90. അവസാനത്തെ തശഹുദ് എന്നാൽ എന്താണ് ?

അവസാനത്തെ തശഹുദ് എന്നാൽ നമസ്കരിക്കുന്നയാൾ ഇപ്രകാരം പറയുന്നു.

«التحيات لله والصلوات و الطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا وعلى عباد الله الصالحين، أشهد أن لا إله إلا الله وأشهد أن محمدا عبده ورسوله.»

«اللهم صل على محمد وعلى آل محمد كما صليت على إبراهيم وعلى آل إبراهيم. وبارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم، في العالمين إنك حميد مجيد.»

❁❁❁

ചോദ്യം : 91. എപ്പോഴാണ് രണ്ടാം തശഹുദ് ചൊല്ലേണ്ടത് ?

നമസ്കരിക്കുന്നവൻ അവസാന റക്അത്തിലെ രണ്ടാം സുജൂദിന് ശേഷം സുജൂദിൽ നിന്ന് ഉയർന്ന് ഇരുന്ന ശേഷമാണ് രണ്ടാം തശഹുദ് ചൊല്ലേണ്ടത്.

❁❁❁

ചോദ്യം : 92. നമസ്കാരത്തിലെ സുന്നത്തുകൾ ഏതെല്ലാമാണ്?

നമസ്കാരത്തിൽ ധാരാളം സുന്നത്തുകൾ ഉണ്ട്.

1. പ്രാരംഭ പ്രാർത്ഥന.
2. നിൽക്കുമ്പോൾ വലതുകൈ ഇടത്കയ്യിൽ കെട്ടുക.
3. തോളിന് നേരെയോ ചെവിക്ക് നേരെയോ കൈകൾ ഉയർത്തുക. ഒന്നാം തക്ബീറിന്റെ സമയത്തും റുകൂഇലേക്ക് പോകുമ്പോഴും അതിൽ നിന്ന് ഉയരുമ്പോഴും ഒന്നാം തശഹുദിൽ നിന്ന് മൂന്നാം റക്അത്തിലേക്ക് ഉയരുമ്പോഴും കൈകൾ ഉയർത്തണം.
4. റുകൂഇലും സുജൂദിലുമുള്ള തസ്ബീഹുകൾ ഒന്നിലധികം വർദ്ധിപ്പിക്കുക.
5. രണ്ട് സുജൂദുകൾക്കിടയിൽ ഇരിക്കുമ്പോൾ മഗ്ഫിറത്തിന്റെ പ്രാർത്ഥന വർദ്ധിപ്പിക്കുക.
6. റുകൂഇൽ തലയും മുതുകും ഒരേ നിരപ്പിലാക്കുക.

7. സുജൂദിൽ രണ്ട് കക്ഷവും പാർശ്വത്തിൽ നിന്നും വയർ തുടകളിൽ നിന്നും അകറ്റി നിർത്തുക.
8. കൈമുട്ടുകൾ സുജൂദിൽ നിലത്ത് മുട്ടിക്കാതിരിക്കുക. നമസ്കരിക്കുന്നയാൾ ഒന്നാം തശഹുദിലും രണ്ട് സുജൂദിനിടയിലും രണ്ടാം തശഹുദിലും ഇടത്തേ കാലിൽ ഇരിക്കുകയും വലത് കാൽ നാട്ടി വെക്കുകയും ചെയ്യുക.

   ഇതിന് 'ഇഫ്തിറാശി'ന്റെ ഇരുത്തമെന്ന് പറയുന്നു.
9. അവസാനത്തെ തശഹുദിൽ അഥവാ മൂന്നും നാലും

   റകഅത്തുള്ള നമസ്കാരങ്ങളിൽ ഇരിക്കുന്നതിന് 'തവർറുക്' എന്ന് പറയുന്നു. അതിന്റെ രൂപം ഇടത്തെ കാൽ പത്തി വലത്തെ കാലിന് താഴെ വെക്കുകയും വലത്തേത് നാട്ടി വെക്കുകയും ചെയ്തുകൊണ്ട് നിലത്ത് ഇരിക്കുക.
10. അവസാനത്തെ തശഹുദിന്റെ അന്ത്യത്തിലുള്ള പ്രാർത്ഥനകൾ.
11. ശബ്ദം ഉയർത്തിക്കൊണ്ടുള്ള ഖുർആൻ പാരായണം: ഫജ്ർ നമസ്കാരം, ജുമുഅ നമസ്കാരം, പെരുന്നാൾ നമസ്കാരം, മഴക്ക് വേണ്ടിയുള്ള നമസ്കാരം, മഗ്‌രിബ്, ഇശാഅ് എന്നീ നമസ്കാരങ്ങളുടെ ആദ്യത്തെ രണ്ട് റക്അത്തുകളിലുമാണ് ശബ്ദം ഉയർത്തി ഖുർആൻ ഓതേണ്ടത്.
12. ശബ്ദമില്ലാതെ ഖുർആൻ പാരായണം ളുഹ്റിലും അസറിലും മഗ്‌രിബിന്റെ മൂന്നാം റക്അത്തിലും ഇശാഇന്റെ അവസാന രണ്ട് റക്അത്തുകളിലും.
13. ഫാതിഹയിൽ കവിഞ്ഞുള്ള ഖുർആൻ പാരായണം.

❋❋❋

**ചോദ്യം : 93. നമസ്കാരത്തിന്റെ റുക്നുകളും വാജിബുകളും സുന്നത്തുകളും തമ്മിലുള്ള വ്യത്യാസം എന്താണ്?**

റുക്ന്– മനഃപ്പൂർവ്വമോ മറന്നോ ഉപേക്ഷിക്കുന്നത് മൂലം നമസ്കാരം അസാധുവാകും.

വാജിബ് – മനഃപ്പൂർവ്വം ഉപേക്ഷിച്ചാൽ നമസ്കാരം അസാധുവാകും. മറന്നിട്ടാണെങ്കിൽ മറവിയുടെ സുജൂദ് ചെയ്താൽ പരിഹാരമാകും.

സുന്നത്തുകൾ – ചെയ്യുന്നത് ഐച്ഛികമാണ്. ഉപേക്ഷിച്ചത് കൊണ്ട് വിരോധമില്ല.

❋❋❋

## ചോദ്യം : 94. നമസ്കാരം അസാധുവാക്കുന്ന കാര്യങ്ങൾ ഏവ?

നമസ്കാരം അസാധുവാക്കുന്ന കാര്യങ്ങൾ 8 എണ്ണമാണ്.

1. ഓർമ്മയോടെ അറിഞ്ഞ് കൊണ്ട് സംസാരിക്കുക. (മറന്നിട്ടോ അറിയാതെയോ സംസാരിച്ച് പോയാൽ അത് മൂലം നമസ്കാരം പാഴാകില്ല).
2. ചിരിക്കുക.
3. തിന്നുക.
4. കുടിക്കുക.
5. നഗ്നത വെളിവാക്കുക.
6. ഖിബ്‌ലയിൽ നിന്ന് വളരെയേറെ തിരിഞ്ഞ് നിൽക്കുക.
7. അനാവശ്യമായി തുടരെത്തുടരെ നമസ്കാരത്തിൽ അനങ്ങിക്കൊണ്ടിരിക്കുക.
8. വുളു മുറിയുക.

❁❁❁

## ചോദ്യം : 95. നമസ്കാരത്തിന്റെ ഗുണങ്ങൾ എന്തെല്ലാമാണ്?

നമസ്കാരത്തിന് നിരവധി ഗുണങ്ങളുണ്ട്. അതിൽ സുപ്രധാനമായവ

1. നമസ്കാരം, മന:ശ്ശാന്തി, ഹൃദയവിശാലത വർദ്ധിപ്പിക്കുന്നു.
2. നമസ്കാരം തെറ്റുകളും കുറ്റങ്ങളും പൊറുത്ത് തരുന്നു.
3. നമസ്കാരം നിന്ദ്യവും നീചവുമായ കാര്യങ്ങളിൽ നിന്ന് തടയുന്നു.
4. നമസ്കരിക്കുന്നവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കുന്നതിനാൽ എല്ലാ വിപത്തുകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും തടുക്കുന്നു.

❁❁❁

# അദ്ധ്യായം 12

# സകാത്ത്

**ചോദ്യം : 96. സകാത്ത് എന്നാൽ എന്താണ് സാരം ?**

സകാത്ത് എന്നാൽ ഒരു പ്രത്യേക വിഭാഗം ഒരു പ്രത്യേക സമയത്ത് പ്രത്യേക സ്വത്തിന് നൽകേണ്ട നിർബന്ധ ബാധ്യതയാണ്.

❁❁❁

**ചോദ്യം : 97. സകാത്ത് നിർബന്ധമാണെന്നതിന് എന്താണ് തെളിവ് ?**

സകാത്ത് നിർബന്ധമാണെന്നതിന് തെളിവായ അല്ലാഹുവിന്റെ വചനം–

﴿وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ﴾ ٤٣ سورة البقرة

പ്രാർത്ഥന മുറ പോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുക.

❁❁❁

**ചോദ്യം : 98. ഏതെല്ലാം സ്വത്തിനാണ് സകാത്ത് നിർബന്ധമാകുന്നത് ?**

സകാത്ത് നിർബന്ധമാകുന്ന സ്വത്തുകൾ 5 എണ്ണമാണ്.

1. നാൽകാലി മൃഗങ്ങൾ : ആട്, മാട്, ഒട്ടകം.
2. ഭുമിയിലെ വിളകൾ : ധാന്യങ്ങൾ, ഫലങ്ങൾ.
3. സമ്പത്ത് : സ്വർണ്ണം, വെള്ളി, കറൻസി.
4. കച്ചവട വസ്തുക്കൾ.
5. ഖനികൾ, നിധികൾ

❁❁❁

ചോദ്യം : 99. സകാത്ത് നിർബന്ധമാകാനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ?

സകാത്ത് നിർബന്ധമാകുന്നതിന് 4 നിബന്ധനകളുണ്ട്.

1. ഇസ്ലാം–മുസ്ലിമായിരിക്കുക.
2. സ്വതന്ത്രനായിരിക്കുക.
3. നിസാബ് പൂർണ്ണമായും സ്വത്ത് മുഴുവൻ കൈവശമുണ്ടായിരിക്കുക.
4. കൊല്ലം പൂർത്തിയായിരിക്കുക.

❁❁❁

ചോദ്യം : 100. സകാത്തിന്റെ അവകാശികൾ അഥവാ അത് സ്വീകരിക്കാൻ അർഹതപ്പെട്ട 8 വിഭാഗം ആളുകളെ അല്ലാഹു നിർണ്ണയിച്ച് പറഞ്ഞത് ആരെല്ലാം ?

إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ ۖ فَرِيضَةً مِّنَ اللَّهِ ۗ وَاللَّهُ عَلِيمٌ حَكِيمٌ ﴿٦٠ سورة التوبة﴾

"ദാനധർമ്മങ്ങൾ നല്കേണ്ടത് ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും ഇസ്ലാമുമായി മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ മോചനത്തിന്റെ കാര്യത്തിലും കടം കൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിലും വഴിപോക്കനും മാത്രമാണ്. അല്ലാഹുവിൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രേ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്".

❁❁❁

## ചോദ്യം : 101. സകാത്തിന്റെ ഗുണങ്ങൾ എന്തെല്ലാം ?

സകാത്ത് കൊണ്ട് ധാരാളം ഗുണങ്ങളുണ്ട്.

1. മാനവിക ഐക്യ സാക്ഷാൽകാരം, പരസ്പര സഹായം, മുസ്ലിമായ സമ്പന്നർക്കും ദരിദ്രർക്കുമിടയിലുള്ള പരസ്പര സ്നേഹം.
2. ആത്മീയവിശുദ്ധി, സംസ്കരണം, പിശുക്കിൽ നിന്ന് അകൽച്ച, ഔദാര്യബോധം.
3. ക്ഷേമം, വർദ്ധനവ്, അല്ലാഹുവിന്റെ പക്കലുള്ള നിക്ഷേപം, പ്രതിഫലം.

❃❃❃

# അദ്ധ്യായം 13

# വ്രതാനുഷ്ഠാനം

**ചോദ്യം : 102. വ്രതം എന്നാൽ എന്താണ് അർത്ഥം ?**

വ്രതം എന്നാൽ ഭക്ഷണത്തിൽ നിന്നും പാനീയങ്ങളിൽ നിന്നും മറ്റെല്ലാ നോമ്പ് മുറിച്ചുകളയുന്ന കാര്യങ്ങളിൽ നിന്നും നിയ്യത്തോടെ പിടിച്ച് നിൽക്കലാണ്. ആദ്യപ്രഭാതം മുതൽ സൂര്യാസ്തമയം വരെയാണ് വ്രതം.

❁❁❁

**ചോദ്യം : 103. നോമ്പ് നിർബന്ധമാണെന്നതിന്റെ തെളിവ് എന്താണ് ?**

“നോമ്പ് നിർബന്ധമാണെന്നതിന്റെ തെളിവ് അല്ലാഹുവിന്റെ വാക്കുകളാണ്”.

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى
الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣ سورة البقرة﴾

“സത്യവിശ്വാസികളേ... നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്”.

❁❁❁

### ചോദ്യം : 104. നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനകൾ ഏവ ?

നോമ്പ് നിർബന്ധമാകാൻ 6 നിബന്ധനകളുണ്ട്.

1. മുസ്ലിമായിരിക്കുക.
2. പ്രായപൂർത്തിയായിരിക്കുക.
3. ബുദ്ധിയുണ്ടായിരിക്കുക.
4. ആരോഗ്യമുണ്ടായിരിക്കുക.
5. താമസക്കാരനായിരിക്കുക.
6. സ്ത്രീക്ക് മാസമുറയോ പ്രസവരക്തമോ ഇല്ലാതിരിക്കുക.

❁❁❁

### ചോദ്യം : 105. റമദാനിൽ പകൽസമയത്ത് നോമ്പ് മുറിക്കുവാൻ അനുവദിക്കപ്പെട്ട വിട്ടുവീഴ്ചകൾ ഏതെല്ലാം ?

റമദാനിൽ പകൽ നോമ്പ് മുറിക്കാനുള്ള വിട്ടുവീഴ്ച നാലു കാര്യത്തിലാണ്.

1. നോമ്പ് പിടിക്കൽ അസാദ്ധ്യമായ വിധം രോഗം, വാർദ്ധക്യം.
2. യാത്രക്കാരനായിരിക്കൽ.
3. മാസമുറയോ പ്രസവ രക്തമോ ഉണ്ടാകൽ.
4. ഗർഭിണി അല്ലെങ്കിൽ മുലകുടിക്കുന്ന കുട്ടികളുള്ളവർ.

❁❁❁

### ചോദ്യം : 106. നോമ്പ് തകരാറിലാക്കുന്ന കാര്യങ്ങൾ ഏവ ?

നോമ്പ് കുഴപ്പത്തിലാക്കുന്ന കാര്യങ്ങൾ 7 എണ്ണമാണ്.

1. സംയോഗം.
2. ഇന്ദ്രിയ സ്ഖലനം.
3. തീറ്റയും കുടിയും.
4. ഗ്ലൂക്കോസ് പോലെ ഉത്തേജനം നൽകുന്ന ഇഞ്ചക്ഷൻ.
5. കൊമ്പ് വെക്കലിലൂടെയുള്ള രക്തസ്രാവം.
6. മന:പ്പൂർവ്വമുള്ള ഛർദ്ദി.
7. മാസമുറയോ പ്രസവരക്തമോ ഉണ്ടാകൽ.

❁❁❁

## ചോദ്യം : 107. നോമ്പ് കുഴപ്പത്തിലാക്കുന്ന കാര്യങ്ങളെ കുറിച്ച നിബന്ധനകൾ എന്തെല്ലാം?

താഴെ പറയുന്നവരിൽ ഉൾപെടാത്തവരുടെ നോമ്പുകൾ മുറിയുന്നതാണ്.

1. സമയം അറിയാതിരിക്കുക, നിയമം അറിയാതിരിക്കുക.
2. ഓർമ്മയില്ലാതിരിക്കുക.
3. സ്വയം ചെയ്തതല്ലാതിരിക്കുക

❁❁❁

## ചോദ്യം : 108. നോമ്പിന്റെ സൽഫലങ്ങൾ എന്തെല്ലാം ?

നോമ്പ് മൂലം നിരവധി സൽഫലങ്ങൾ നേടാം

1. ക്ഷമ, സഹനം പോലുള്ള മാന്യമായ സ്വഭാവ ഗുണങ്ങൾ വീണ്ടെടുക്കാൻ സാധിക്കുന്നു.
2. അല്ലാഹു അടിമക്ക് നൽകിയ ഭക്ഷണ പാനീയങ്ങളുടെ അനുഗ്രഹങ്ങൾ ഓർക്കുന്നു.
3. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നു. അവരോട് ഔദാര്യവും അനുകമ്പയും ഉണ്ടാകുന്നു.
4. ശാരീരികാരോഗ്യ സംരക്ഷണവും സൗഖ്യവും കൈവരുന്നു

❁❁❁

# അദ്ധ്യായം 14

# ഹജ്ജ്

**ചോദ്യം : 109. ഹജ്ജ് എന്നാലെന്താണർത്ഥം ?**

ഹജ്ജ് എന്നാൽ ഒരു പ്രത്യേക കാലത്ത് പ്രത്യേക കർമ്മത്തിനായി മക്കയെ ഉദ്ദേശിച്ച് പോകുക.

❋❋❋

**ചോദ്യം : 110. ഹജ്ജ് നിർബന്ധമാണെന്നതിന് തെളിവെന്ത് ?**

ഹജ്ജ് നിർബന്ധമാണെന്നതിന്റെ തെളിവ് അല്ലാഹുവിന്റെ വചനം

وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا ﴿سورة آل عمران ٩٧﴾

“ആ മന്ദിരത്തിലേക്ക് എത്തിച്ചേരാൻ കഴിവുള്ള മനുഷ്യൻ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു”.

❋❋❋

**ചോദ്യം : 111. ഹജ്ജിന്റെ നിബന്ധനകൾ എന്തെല്ലാം ?**

ഹജ്ജിന്റെ നിബന്ധനകൾ 5 ആകുന്നു.

1. മുസ്ലിമായിരിക്കുക.
2. ബുദ്ധിയുണ്ടായിരിക്കുക.
3. പ്രായപൂർത്തിയായിരിക്കുക.
4. സ്വതന്ത്രനായിരിക്കുക.
5. യാത്രാ സൗകര്യമുണ്ടാകുക.

❋❋❋

### ചോദ്യം : 112. ഹജ്ജിന്റെ രൂപങ്ങൾ ഏതെല്ലാം ?

ഹജ്ജ് 3 വിധത്തിലുണ്ട്.

1. തമത്തുഅ്.
2. ഖിറാൻ.
3. ഇഫ്റാദ്.

❋❋❋

### ചോദ്യം : 113. ഹജ്ജിന്റെ റുക്നുകൾ ഏതെല്ലാം?

റുക്നുകൾ നാലെണ്ണമാണ്.

1. ഇഹ്റാം ചെയ്യൽ.
2. അറഫയിൽ നിൽക്കൽ.
3. ത്വവാഫുൽ ഇഫാള.
4. സഫ മർവക്കിടയിൽ നടത്തം.

❋❋❋

### ചോദ്യം : 114. ഹജ്ജിന്റെ വാജിബുകൾ എന്തെല്ലാം?

ഹജ്ജിന്റെ വാജിബുകൾ 7 എണ്ണമാകുന്നു.

1. മീകാത്തിൽ നിന്ന് ഇഹ്റാം ചെയ്യുക.
2. അറഫയിൽ രാത്രി ആകും വരെ നിൽക്കൽ.
3. മുസ്ദലിഫയിൽ യൗമു നഹ്റിന്റെ രാത്രി താമസിക്കൽ.
4. മിനയിൽ അയ്യാമുത്തശ്രീഖിൽ രാത്രി താമസിക്കൽ.
5. ക്രമപ്രകാരം ജംറകളിൽ കല്ലെറിയൽ.
6. മുടിയെടുക്കൽ – മുണ്ഡനം.
7. വിടവാങ്ങൽ ത്വവാഫ് (അശുദ്ധിയുള്ള സ്ത്രീകൾക്കില്ല)

❋❋❋

### ചോദ്യം : 115. ഹജ്ജിന്റെ സുന്നത്തുകൾ ഏതെല്ലാം?

ഹജ്ജിന് ധാരാളം സുന്നത്തുകൾ ഉണ്ട്.

1. ഇഹ്റാമിന് മുമ്പ് കുളിച്ച് സുഗന്ധം പൂശുക.
2. ഖാരിനും മുഫ്രിദും 'ത്വവാഫുൽ ഖുദൂം' ചെയ്യൽ.
3. ആദ്യ ത്വവാഫിന്റെ മൂന്ന് വട്ടവും റംല് അഥവാ വേഗം നടക്കൽ.
4. ത്വവാഫുൽ ഖുദൂമിൽ വലത് തോൾ തുറന്നിട്ട് വസ്ത്രം ധരിക്കൽ 'ഇള്തിബാഅ്'.
5. ത്വവാഫിന് ശേഷം 2 റക്അത്ത് നമസ്കരിക്കൽ.
6. അറഫാ രാത്രിയിൽ മിനയിൽ താമസിക്കൽ.
7. ജംറയിൽ (അഖബ) എറിയും വരെ തൽബിയ്യത്ത് ചൊല്ലിക്കൊണ്ടിരിക്കൽ.
8. അറഫയിൽ ളുഹറും അസറും ജംഉം കസ്റുമാക്കിയും മുസ്ദലിഫയിൽ മഗ്രിബും ഇശാഉം 'ജംഉതഖ്ദീം' ആയും നിർവ്വഹിക്കൽ

❁❁❁

### ചോദ്യം : 116. ഹജ്ജിന്റെ റുക്ന്, വാജിബ്, സുന്നത്ത് ഇവ തമ്മിലെ വ്യത്യാസങ്ങൾ ഏവ?

റുക്ന് – കൂടാതെ ഹജ്ജ് ശരിയാവുകയില്ല.

വാജിബ്–നിർബന്ധമാണ്. ഒഴിവാക്കിയാൽ പകരം ബലി നൽകണം.

സുന്നത്ത്– നിർവ്വഹിക്കുന്നത് നല്ലതാണ്. ഉപേക്ഷിച്ചാൽ ഒന്നുമില്ല.

❁❁❁

## ചോദ്യം : 117. ഹജ്ജിനും ഉംറക്കും ഇഹ്റാം ചെയ്യുമ്പോൾ വിലക്കപ്പെട്ട കാര്യങ്ങൾ എന്നാൽ എന്താകുന്നു?

ഇഹ്റാമിൽ വിലക്കപ്പെട്ട കാര്യങ്ങൾ എന്നാൽ മൂന്ന് ഇനമാകുന്നു.

ഒന്ന് : സ്ത്രീക്കും പുരുഷനും ഒരു പോലെ നിഷിദ്ധമായ 7 കാര്യങ്ങൾ

1. മുടി നീക്കം ചെയ്യൽ.
2. നഖം മുറിക്കൽ.
3. സുഗന്ധം ഉപയോഗിക്കൽ.
4. വിവാഹ കരാറുണ്ടാക്കൽ.
5. സ്ത്രീപുരുഷ വികാരസ്പർശം.
6. സംയോഗം.
7. വേട്ടയാടൽ.

രണ്ട് : പുരുഷന്മാർക്ക് മാത്രം

1. തല മറക്കൽ.
2. തുന്നിയ വസ്ത്രം ധരിക്കൽ.

മൂന്ന് : സ്ത്രീകൾക്ക് മാത്രം

1. മുഖം മറക്കൽ.
2. കയ്യുറ ധരിക്കൽ.

❋❋❋

## ചോദ്യം : 118. ഹജ്ജിന്റെ സൽഫലങ്ങൾ ഏതെല്ലാം?

ഹജ്ജ് മൂലം ധാരാളം നല്ല ഫലങ്ങൾ ഉണ്ട്.

1. ലോകത്തിലെ എല്ലാ രാജ്യക്കാരായ മുസ്ലിംകളും സമ്മേളിക്കുകയും അവർക്ക് പരസ്പരം അറിയാനും, സ്നേഹവും ഇഷ്ടവും പങ്ക് വെക്കാനും കഴിയുന്നു.
2. മുസ്ലിം ഐക്യം പ്രകടമാകുന്നു. കറുത്തവനും വെളുത്തവനും അറബിയും അനറബിയും സമ്പന്നനും ദരിദ്രനും ഒരേ വസ്ത്രം ധരിച്ച് ഒരേ സമയത്ത് ഒരേ സ്ഥലത്ത് ഒരുമിച്ച് കൂടുമ്പോൾ ഒരേയൊരു സമുദായമാണവർ എന്ന് വ്യക്തമാകുന്നു.
3. ഖിയാമത്തിന്റെ ദിവസം അല്ലാഹുവിന്റെ മുമ്പിൽ മനുഷ്യർ ഒരുമിച്ച് കൂടി നിൽക്കുന്ന ആ പരലോകത്തെ അനുസ്മരിപ്പിക്കുന്നു.

❋❋❋

## അദ്ധ്യായം 15

# അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസം

ചോദ്യം : 119. മുസ്ലിംകളുടെ വിവിധ വിഭാഗങ്ങളിൽ നിന്ന് നരകമോചനം ലഭിക്കുന്ന വിഭാഗം ഏതാണ്?

നരകത്തിൽ നിന്ന് രക്ഷ ലഭിക്കുന്ന വിഭാഗം അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത് ആകുന്നു.

❁❁❁

ചോദ്യം : 120. ആരാണ് അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത് ?

നബി ﷺ യുടെ സുന്നത്തുകളെ സ്വീകരിക്കുന്നതിൽ സംഘടിക്കുകയും ബാഹ്യമായും ആന്തരികമായുമുള്ള വാക്കും പ്രവൃത്തിയും വിശ്വാസവും സുന്നത്തുമനുസരിച്ച് കർമ്മം ചെയ്യുന്നവരുമാണവർ.

അഹ്‌ലുസ്സുന്നത്ത് എന്നാൽ മുഹമ്മദ് നബി ﷺ കൊണ്ടുവന്നതും സലഫുസ്വാലിഹുകൾ പിൻപറ്റിപ്പോരുകയും ചെയ്ത യഥാർത്ഥ ഇസ്ലാമിക സന്മാർഗ്ഗ പാതയുടെ ആളുകൾ എന്നതിനാൽ സലഫികൾ എന്ന് വിളിക്കപ്പെടുന്നു.

❁❁❁

ചോദ്യം : 121. അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത് എന്ന് പേര് വിളിക്കാൻ കാരണമെന്ത്?

സുന്നത്ത് മുറുകെ പിടിക്കുന്നതിനാൽ അഹ്‌ലുസ്സുന്നത്ത് എന്നും അതിന്റെ പേരിൽ സംഘടിച്ചതിനാൽ വൽ ജമാഅത്ത് എന്നും പറയുന്നു.

❁❁❁

### ചോദ്യം : 122. ഇവരെ സലഫികള്‍ എന്ന് വിളിക്കാന്‍ കാരണം എന്ത്?

സലഫികളുടെ അഥവാ പൂര്‍വ്വകാല സച്ചരിതരുടെ സരണിയിലൂടെ വിശുദ്ധ ഖുര്‍ആനും തിരുസുന്നത്തും മനസ്സിലാക്കിയും പിന്‍പറ്റിയും ഖുര്‍ആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുകയും ചെയ്യുന്നതിനാല്‍ ഇവര്‍ സലഫുകള്‍ എന്ന് പേര്‍ വിളിക്കപ്പെട്ടു. ഇവര്‍ തന്നെയാണ് അഹ്ലുസ്സുന്നത്ത് വല്‍ ജമാഅത്ത്

❁❁❁

### ചോദ്യം : 123. അഹ്ലുസ്സുന്നത്ത് വല്‍ ജമാഅത്ത് ആണ് നരകശിക്ഷയില്‍ നിന്ന് രക്ഷപ്പെടുന്നവര്‍ എന്നതിന് തെളിവ് എന്താണ്?

അഹ്ലുസ്സുന്നത്ത് വല്‍ ജമാഅത്ത് രക്ഷപ്പെടുന്ന കക്ഷി എന്നതിന് തെളിവ് നബി ﷺ യുടെ വാക്കുകളാണ്.

നബി ﷺ പറഞ്ഞു. "യഹൂദികള്‍ 71 കക്ഷികളായി പിരിഞ്ഞു. നസാറാക്കള്‍ 72 കക്ഷികളായി പിരിഞ്ഞു. ഈ സമുദായം 73 കക്ഷികളായി പിരിയും. ഒന്നൊഴികെ എല്ലാവരും നരകത്തിലാണ്". ചോദിക്കപ്പെട്ടു : റസുലുല്ലാഹ്, അവര്‍ ആരാണ് ?

റസൂല്‍ ﷺ പറഞ്ഞു: "ഞാനും എന്‍റെ സ്വഹാബികളും ഇന്ന് ഏതിലായിരിക്കുന്നുവോ അവര്‍". ഒരു വചനത്തില്‍ സംഘം എന്നും വന്നിട്ടുണ്ട്.

തിര്‍മദി (2641) അബൂദാവുദ് (4596) ഇബ്നുമാജ (3992) ഇബ്നുമാജ (2/364)യില്‍ അല്‍ബാനി സ്വഹീഹാക്കിയിരിക്കുന്നു.

❁❁❁

ചോദ്യം : 124. അല്ലാഹുവിന്റെ വിശേഷണങ്ങളായ ഔന്നത്യം, ആരോഹണം ( استوى/علو ) എന്നീ വിഷയങ്ങളിൽ അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസമെങ്ങിനെയാണ്?

അല്ലാഹുവിന്റെ റസുൽ ﷺ യും സ്വഹാബികളും എല്ലാ പ്രവാചകന്മാരും ഒരുപോലെ മനസ്സിലാക്കിയ അതേ വിശ്വാസമാണ് ഈ രണ്ട് വിഷയങ്ങളിലും അഹ്ലുസ്സുന്നത്തിനുള്ളത്. അല്ലാഹു അവന്റേതായ മഹത്വത്തിന് അനുയോജ്യമായ വിധം എല്ലാ സൃഷ്ടികൾക്കും ഉപരിയായി ഉപവിഷ്ടനായിരിക്കുന്നു അവന്റെ യാതൊരു വിശേഷണങ്ങളെയും ഒരു സൃഷ്ടികളോടും സാമ്യപ്പെടുത്താവുന്നതല്ല.

❁❁❁

ചോദ്യം : 125. അല്ലാഹുവിന്റെ ഔന്നത്യത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിന്നുള്ള തെളിവ് എന്താണ്?

അല്ലാഹുവിന്റെ ഔന്നത്യത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

﴿أَأَمِنتُم مَّن فِي السَّمَاءِ أَن يَخْسِفَ بِكُمُ الْأَرْضَ فَإِذَا هِيَ تَمُورُ ﴾ ١٦ سورة الملك

“ആകാശത്തുള്ളവൻ നിങ്ങളെ ഭുമിയിൽ ആഴ്ത്തിക്കളയുന്നതിനെ പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് ഇളകി മറിഞ്ഞ്കൊണ്ടിരിക്കും”

﴿سَبِّحِ اسْمَ رَبِّكَ الْأَعْلَى ﴾ ١ سورة الأعلى

“അത്യുന്നതനായ നിന്റെ നാമം പ്രകീർത്തിക്കുക”.

❁❁❁

## ചോദ്യം : 126. അല്ലാഹുവിന്റെ ഔന്നത്യത്തെ കുറിച്ച് സുന്നത്തിൽ നിന്നുള്ള തെളിവ് എന്താണ്?

അല്ലാഹുവിന്റെ വിശേഷണത്തിലെ ഔന്നത്ത്യത്തെ കുറിച്ച് തന്റെ അടുത്ത് കൊണ്ടു വന്ന സ്ത്രീയോട് ചോദിച്ച ചോദ്യം. നബി ﷺ ചോദിച്ചു : "അല്ലാഹു എവിടെയാണ് ?" അപ്പോൾ അവൾ പറഞ്ഞു ആകാശത്ത്. പിന്നെ നബി ﷺ ചോദിച്ചു. "ഞാൻ ആരാണ്"? ആ സ്ത്രീ പറഞ്ഞു. "താങ്കൾ അല്ലാഹുവിന്റെ റസൂൽ" അപ്പോൾ നബി ﷺ പറഞ്ഞു. "അവളെ വെറുതെ വിടൂ. അവൾ തീർച്ചയായും സത്യവിശ്വാസിനിയാണ്". (മുസ്ലിം-537)

❋❋❋

## ചോദ്യം : 127. ഉപവിഷ്ടനായി എന്ന വിശേഷണത്തിൽ സ്ഥിരപ്പെട്ട് വന്ന തെളിവെന്താണ്?

ഉപവിഷ്ടനായി "اسْتَوَىٰ"എന്ന വിശേഷണത്തെ കുറിച്ച് തെളിവ് അല്ലാഹു പറഞ്ഞു.

﴿ٱلرَّحۡمَٰنُ عَلَى ٱلۡعَرۡشِ ٱسۡتَوَىٰ ٥﴾ سورة طه

"പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു" വിശുദ്ധ ഖുർആൻ 6 തവണ ആവർത്തിച്ചു. പിന്നീട് അർശിൽ ആരൂഢനായി എന്നത് താഴെ പറയുന്ന പ്രകാരം വന്നിരിക്കുന്നു (സൂറത്ത് അഅ്റാഫ് – 54, സൂറത്ത് യൂനുസ് – 3, സൂറത്ത് റഅദ് – 2, സൂറത്ത് ഫുർഖാൻ – 59, സൂറത്ത് സജദ – 4, സൂറത്ത് ഹദീദ് – 4)

❋❋❋

## ചോദ്യം : 128. "ഇസ്തിവാഅ്" (استواء) എന്നതിന്റെ സാരമെന്ത്?

'ഇസ്തിവാഅ്' ൻെറ അർത്ഥം ഉയരുക, ഔന്നത്യം പ്രാപിക്കുക അഥവാ അർശിലേക്ക് ഉയർന്ന് ആരൂഢനായി. അതിന് മുകളിലേക്ക് ആരോഹണം ചെയ്തു. എന്നീ വിധം അർത്ഥം അറിയപ്പെടുന്നു. എന്നാൽ ഏത് വിധത്തിലാണെന്നത് അറിയപ്പെടാത്തതുമാണ്. ഇമാം മാലിക് (റ) പറഞ്ഞ പ്രകാരം ആരൂഢനായി എന്നത് അറിയപ്പെട്ട കാര്യമാണ്,

അതെങ്ങിനെയെന്നത് അറിയാത്തതും, അത് വിശ്വസിക്കൽ നിർബന്ധവും അതേകുറിച്ച് ചോദിക്കുന്നത് ബിദ്അത്തുമാകുന്നു. അഥവാ എങ്ങിനെയാണ് ഇരിപ്പ് എന്ന ചോദ്യം : "ഇരിപ്പ് എന്നത് എല്ലാ വിശേഷണങ്ങളോടും കൂടിയതും അർത്ഥം അറിയപ്പെട്ടതും അതിന്റെ രൂപം അറിയപ്പെടാത്തതുമാണെന്ന് സാരം".

❁❁❁

**ചോദ്യം : 129. വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസമെന്താണ്?**

അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അഭിപ്രായ പ്രകാരം വിശുദ്ധ ഖുർആൻ അക്ഷരത്തിലും ആശയത്തിലും അല്ലാഹുവിന്റെ വചനമാണ്. അത് അല്ലാഹുവിന്റെ സൃഷ്ടിയല്ല. അല്ലാഹുവിൽ നിന്ന് തുടങ്ങി അവനിലേക്ക് മടങ്ങുന്ന യഥാർത്ഥത്തിലുള്ള അവന്റെ സംസാരം ജിബ്രീൽ (അ)ന് ഇട്ട് കൊടുക്കുകയും മുഹമ്മദ് നബിﷺ യുടെ മനസ്സിലേക്ക് ജിബ്രീൽ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

❁❁❁

**ചോദ്യം : 130. ഖുർആൻ അല്ലാഹുവിന്റെ വാക്കാണെന്നതിന് തെളിവ് എന്താണ്?**

അല്ലാഹു പറയുന്നു...

وَإِنْ أَحَدٌ مِّنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَامَ

اللَّهِ ثُمَّ أَبْلِغْهُ مَأْمَنَهُ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ ﴿٦﴾ سورة التوبة

"ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെയടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ട് നിൽക്കാൻ വേണ്ടി അവന് അഭയം നൽകുക". അല്ലാഹുവിന്റെ കലാം – വാക്ക് – എന്നാൽ ഖുർആൻ എന്നാണ് അർത്ഥം.

❁❁❁

ചോദ്യം : 131. ഖുർആൻ സൃഷ്ടിയല്ല അത് ഇറക്കപ്പെട്ടതാണ് എന്നതിന്റെ തെളിവ് എന്താണ്?

അല്ലാഹു ഇറക്കിയതാണെന്നതിന്റെ തെളിവ്

﴿ تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ عَلَىٰ عَبْدِهِ ﴾ ١ سورة الفرقان

“തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു”.

സൃഷ്ടിയല്ല എന്നതിന്റെ തെളിവ്

﴿ أَلَا لَهُ الْخَلْقُ وَالْأَمْرُ ﴾ سورة الأعراف ٥٤

“അറിയുക അവന് തന്നെയാണ് സൃഷ്ടിയും ശാസനാധികാരവും”.

അപ്പോൾ ശാസനാധികാരത്തെ സൃഷ്ടിയല്ല എന്ന് വന്നു.

ഖുർആനാണെങ്കിൽ അല്ലാഹുവിന്റെ കൽപനയാണെന്ന് അല്ലാഹു പറയുന്നു.

﴿ وَكَذَٰلِكَ أَوْحَيْنَا إِلَيْكَ رُوحًا مِّنْ أَمْرِنَا ﴾ سورة الشورى ٥٢

“അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു”.

തീർച്ചയായും അല്ലാഹുവിന്റെ വാക്ക് അവന്റെ വിശേഷണങ്ങളിൽ പെട്ടതും വിശേഷണമെന്നാൽ സൃഷ്ടിക്കപ്പെടാത്തതുമാകുന്നു.

❋❋❋

**ചോദ്യം : 132. അല്ലാഹുവിനെ കാണുന്നതിനെ സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസമെന്താണ്?**

അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അഭിപ്രായപ്രകാരം സത്യവിശ്വാസികൾ അവരുടെ കണ്ണുകൾ കൊണ്ട് പരലോകത്ത് വച്ച് അല്ലാഹുവിനെ നോക്കിക്കാണും അത് സ്വർഗ്ഗത്തിൽ വെച്ചായിരിക്കും.

❁❁❁

**ചോദ്യം : 133. സത്യവിശ്വാസികൾ അവരുടെ രക്ഷിതാവിനെ പരലോകത്ത് വച്ച് കാണും എന്നതിന്റെ തെളിവ് എന്താണ്?**

സത്യവിശ്വാസികൾ അവരുടെ രക്ഷിതാവിനെ പരലോകത്ത് വച്ച് കാണും എന്നതിന്റെ തെളിവ് അല്ലാഹു പറയുന്നു.

﴿وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾ إِلَىٰ رَبِّهَا نَاظِرَةٌ ﴾ سورة القيامة ٢٣﴿

“ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും അവയുടെ രക്ഷിതാവിന്റെ നേർക്ക് തിരിച്ചവയുമായിരിക്കും”.

മറ്റൊരിടത്ത്

﴿لِّلَّذِينَ أَحْسَنُوا الْحُسْنَىٰ وَزِيَادَةٌ ﴿٢٦ سورة يونس ﴾

“സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കുടുതൽ നേട്ടവുമുണ്ട്”.

ഹദീസിൽ വന്നത് പ്രകാരം الحسنى എന്നാൽ അത് സ്വർഗ്ഗവും زيادة എന്നാൽ അല്ലാഹുവിന്റെ ആദരണീയമായ തിരുമുഖദർശനവുമാകുന്നു.

❁❁❁

ചോദ്യം : 134. വിശ്വാസത്തെ സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാനമെന്താകുന്നു?

അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാനപ്രകാരം വിശ്വാസം അഥവാ ഈമാൻ എന്നാൽ നാവ് കൊണ്ട് പറയുന്ന വാക്കും മനസ്സിലുള്ള അടിയുറച്ച വിശ്വാസവും ശരീരം ചെയ്യുന്ന പ്രവർത്തനങ്ങളുമാകുന്നു. അത് അനുസരണത്തിലൂടെ വർദ്ധിക്കുകയും ധിക്കാരത്തിലൂടെ കുറയുകയും ചെയ്യുന്നു.

❋❋❋

ചോദ്യം : 135. വാക്കും പ്രവൃത്തിയും ഈമാനാകുന്നതിന്റെ തെളിവ് എന്താകുന്നു?

വാക്കും പ്രവൃത്തിയും ഈമാൻ (വിശ്വാസം) ആണെന്നതിന്റെ തെളിവ് നബി ﷺ പറയുന്നത്. ഈമാനിന് എഴുപതിലധികം ശാഖകളുണ്ട്. അതിൽ ഏറ്റവും ശ്രേഷ്ഠമായത് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്കാകുന്നു. അതിൽ താഴ്ന്നത് വഴിയിൽ നിന്ന് പ്രയാസത്തെ നീക്കം ചെയ്യലുമാണ്. ലജ്ജ എന്നാൽ വിശ്വാസത്തിന്റെ ശാഖയാണ്. (ബുഖാരി, മുസ്ലിം)

❋❋❋

ചോദ്യം : 136. ഈമാൻ കൂടുകയും കുറയുകയും ചെയ്യുമെന്നതിന്റെ തെളിവ് എന്താണ്?

ഈമാൻ കൂടുകയും കുറയുകയും ചെയ്യുമെന്നതിന്റെ തെളിവ് അല്ലാഹു പറയുന്നു.

﴿وَيَزْدَادَ الَّذِينَ آمَنُوا إِيمَانًا﴾ ٣١سورة المدثر

“സത്യവിശ്വാസികൾക്ക് വിശ്വാസം വർദ്ധിക്കാനും” ഈമാൻ കൂടുമെന്നതിന്റെ തെളിവ് തന്നെയാണ് അത് കുറയുമെന്നതിനുമുള്ള തെളിവ്.

❋❋❋

ചോദ്യം : 137. അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് ഒരു സമൂഹത്തോട് കുടിച്ചേരണമെന്ന് പറയുന്നതിന്റെ തെളിവ് എന്താണ്?

മുസ്ലിം സമൂഹം നേതൃത്വവുമായി കുടിച്ചേരുന്നത് നിർബന്ധമാണ് എന്നും, വേറിടാതെ നിൽക്കണമെന്നും അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് അടിയുറച്ച് വിശ്വസിക്കുന്നു.

അതിനുള്ള തെളിവ് അല്ലാഹു പറയുന്നു

وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ﴿سورة آل عمران١٠٣﴾

“നിങ്ങൾ ഒന്നിച്ച് അല്ലാഹുവിന്റെ കയർ മുറുകെ പിടിക്കുക.നിങ്ങൾ ഭിന്നിക്കുകയും അരുത്”.

❁❁❁

ചോദ്യം : 138. കാര്യകർത്താക്കളെ അനുസരിക്കേണ്ടതിനെ കുറിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അഭിപ്രായമെന്താണ് ? തെളിവ് എന്താണ്?

അറിയപ്പെട്ട നേതൃത്വത്തെ അനുസരിക്കൽ നിർബന്ധമാണെന്നത് അവർ തെമ്മാടികളായിപ്പോയാലും ശരി അനുസരിക്കണമെന്നത് തന്നെയാണ് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് അടിയുറച്ച് വിശ്വസിക്കുന്നത്. അതിന് തെളിവ് നബി ﷺ യുടെ വചനം.

عَلَى الْمَرْءِ الْمُسْلِمِ السَّمْعُ وَالطَّاعَةُ ، فِيمَا أَحَبَّ أَوْ كَرِهَ ، إِلا أَنْ يُؤْمَرَ بِمَعْصِيَةٍ ، فَمَنْ أَمَرَ بِمَعْصِيَةٍ فَلا سَمْعَ عَلَيْهِ وَلا طَاعَةً

(ബുഖാരി, മുസ്ലിം)

“ഇഷ്ടപ്പെട്ടതും വെറുത്തതും അനുസരിക്കൽ ഒരു മുസ്ലിമിന്റെ ബാധ്യതയാകുന്നു.അവനോട് ഒരു പാപം ചെയ്യാൻ കൽപിക്കപ്പെട്ടാൽ ഒഴികെ.ഒരു പാപത്തിന് കൽപിച്ചാൽ അത് കേൾക്കേണ്ടതില്ല. അനുസരിക്കേണ്ടതില്ല”.

❁❁❁

ചോദ്യം : 139. വലിയ പാപം ചെയ്ത ആളെ സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസമെന്ത്?

വലിയ പാപം ചെയ്യുന്നവരെ സംബന്ധിച്ച് അവൻ കാഫിറാകുകയില്ല. നരകത്തിന്റെ സ്ഥിരാവകാശിയാവുകയുമില്ല. അവന്റെ കാര്യം അല്ലാഹു ഉദ്ദേശിച്ചാൽ അവന് അർഹമായ ശിക്ഷ നൽകിയേക്കാം. അവൻ ഉദ്ദേശിച്ചാൽ പൊറുത്തു കൊടുത്തേക്കാം അല്ലാഹു പറയുന്നു.

إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ﴿سورة النساء٤٨﴾

“തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്”.

❁❁❁

ചോദ്യം : 140. ഒരു മുസ്ലിമിനെ കാഫിർ എന്ന് വിളിക്കുന്നതിന്റെ വിധി എന്താണ്? അതിന്റെ തെളിവ് എന്ത്?

ഒരു മുസ്ലിമിനെ കാഫിറാക്കുന്നത് നിഷിദ്ധമാകുന്നു. നബി ﷺ പറയുന്നു.

مَن رَمَى مُؤْمِناً بِكُفْرٍ فَهُوَ كَقَتْلِه

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ കുഫ്ർ കൊണ്ട് ആരോപിച്ചാൽ അവൻ അവനെ കൊന്നത് പോലെയാണ്”. (ബുഖാരി–6105)

❁❁❁

**ചോദ്യം : 141. സ്വഹാബികളെ സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാനപരമായ വിശ്വാസമെന്താണ്?**

സ്വഹാബികളെ സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസം അവർ സമ്പൂർണ്ണ സഹൃദയന്മാരായിരുന്നു. ശത്രുതയും പകയും ദുർവിചാരവും ഇല്ലാത്തവരും പരസ്പരം ശുദ്ധമാനസരും ചീത്ത വിളികളോ കുത്തുവാക്കുകളോ കൂടാതെ സംഭാഷണത്തിലൂടെ പരസ്പരമെന്ന പോലെ പ്രവാചകനെ സ്നേഹിച്ചും തൃപ്തിപ്പെട്ടും എല്ലാ നന്മകളെയും പിൻപറ്റിയും കഴിയുന്നവരായിരുന്നു അവർ. അല്ലാഹു അവരെ കുറിച്ച് ഖുർആനിൽ പറഞ്ഞത് പോലെ അവർ അന്യോന്യം പ്രാർത്ഥിക്കുന്നവരുമായിരുന്നു.

﴿رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ ﴾ ١٠ سورة الحشر﴿

“ഞങ്ങളുടെ രക്ഷിതവേ. ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞ് പോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരണമേ”.

❁❁❁

**ചോദ്യം : 142. നബി കുടുംബത്തെ സംബന്ധിച്ച് അഹ് ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാന വിശ്വാസമെന്താണ് ?**

നബി ﷺ യുടെ കുടുംബത്തെ സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസപ്രകാരം അവരുടെ ഈമാൻ, നബി ﷺ യുമായുള്ള അവരുടെ അടുപ്പം, എന്നീ രണ്ട് കാര്യങ്ങളിൽ നബികുടുംബത്തെ സ്നേഹിക്കുന്നവരാണ്. എന്നാൽ അല്ലാഹുവിനെ കൂടാതെ അവരിലേക്ക് ഇബാദത്ത് ചെയ്യുകയോ അവർ പാപമുക്തരാണെന്ന വിശ്വാസത്തിൽ അതിര് കവിയുകയോ ചെയ്യുന്നില്ല.

❁❁❁

## ചോദ്യം : 143. വലാഅ് – ബറാഅ് സംബന്ധിച്ച് അഹ് ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ അടിസ്ഥാന വിശ്വാസമെന്ത്?

വലാഉം ബറാഉം വിശ്വാസത്തിന്റെ അനിവാര്യതകളും ശഹാദത്ത് കലിമയുടെ താൽപര്യവുമാണ് എന്നതാണ് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസം. വലാഅ് എന്നതിന്റെ അർത്ഥം – സത്യവിശ്വാസികളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക.

ബറാഅ് എന്നതിന്റെ അർത്ഥം സത്യനിഷേധികളോട് കോപിക്കുകയും ശത്രുത കൈക്കൊള്ളുകയും അവരേയും അവരുടെ മതത്തെയും കയ്യൊഴിയുകയും അവരുടെ പ്രത്യേകതകളിൽ സാമ്യമായിത്തീരാതിരിക്കുകയും ചെയ്യുക, എന്നതാണ്. പക്ഷേ അവരുടെ അക്രമത്തിനെതിരെ പ്രതിരോധവും ശത്രുത വെക്കലും അതല്ലെങ്കിൽ അവരുമായി നല്ല ഇടപാടുകൾ നടത്തുന്നതും ഇതിൽ നിന്നൊഴിവാകുന്നു.

❋❋❋

## ചോദ്യം : 144. ഈസാ(അ) നെ കുറിച്ച് അഹ് ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസമെന്താണ് ?

ഈസാ (അ) അല്ലാഹുവിന്റെ അടിമയും ദൂതനുമാണ്. ആരാധിക്കപ്പെടാൻ പാടില്ലാത്ത അടിമയാണ്.കളവാക്കപ്പെടാൻ പാടില്ലാത്ത പ്രവാചകനാണ് ആദമിന്റെ മക്കളിൽ പെട്ട ഒരു മനുഷ്യനാണ്. പിതാവില്ലാതെ മാതാവിൽ നിന്നും സൃഷ്ടിക്കപ്പെട്ടവനാണ്. ഇതാണ് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ ഈസാ(അ) യെ സംബന്ധിച്ച വിശ്വാസം.

❋❋❋

ചോദ്യം : 145. യഹൂദി കൃസ്ത്യാനി മറ്റിതര മതങ്ങളെ സംബന്ധിച്ച് അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ നിലപാട് എന്താണ്? അതിന്റെ തെളിവ് എന്താണ്?

മുൻ കഴിഞ്ഞ എല്ലാ മതങ്ങളേയും ഇസ്ലാം ദുർബലപ്പെടുത്തിയതായി അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത് വിശ്വസിക്കുന്നു. മുഹമ്മദ് നബി ﷺ യുടെ നിയോഗത്തിന് ശേഷം അല്ലാഹു ആരിൽ നിന്നും ഇസ്ലാമല്ലാത്ത ഒരു മതവും സ്വീകരിക്കുകയില്ല. മറ്റെല്ലാ മതങ്ങളും ദുർബലപ്പെട്ടിരിക്കുന്നു.

❁❁❁

ചോദ്യം : 146. ഇസ്ലാം മതം സത്യമതം ആണെന്നതിന് ഖുർആനിൽ എന്താണ് തെളിവ്? തീർച്ചയായും എല്ലാ മതങ്ങളും തെറ്റാണോ?

ഇസ്ലാം ഒന്ന് മാത്രമാണ് ശരിയായ മതമെന്നും മറ്റെല്ലാ മതങ്ങളും ദുർബലമാണെന്നും ഖുർആൻ പറയുന്നു.

وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ

الْخَاسِرِينَ ﴿سورة آل عمران٨٥﴾

"ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്നും ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല.പരലോകത്ത് അവൻ നഷ്ടക്കാരിൽപെട്ടവനും ആയിരിക്കും".

❁❁❁

ചോദ്യം : 147. സുന്നത്ത് പ്രകാരം മുഹമ്മദ് നബി ﷺ കൊണ്ടുവന്ന ഇസ്ലാം മതം വിശ്വസിക്കൽ നിർബന്ധമാണെന്നതിന് എന്താണ് തെളിവ്?

മുഹമ്മദ് നബി ﷺ കൊണ്ടുവന്ന ഇസ്ലാം മതം വിശ്വസിക്കൽ നിർബന്ധമാണെന്നതിന് നബി ﷺ യുടെ വാക്ക് തെളിവാകുന്നു.

وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ، لاَ يَسْمَعُ بِي أحد من هذه الأمة لا يَهُودِيٌّ، وَلاَ نَصْرَانِيٌّ، ثُمَّ يَمُوتُ وَلَمْ يُؤْمِنْ بِالَّذِي أُرْسِلْتُ بِهِ إِلاَّ كَانَ مِنْ أَصْحَابِ النار

“മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം എന്റെ സമുദായത്തിൽ പെട്ട ഒരാളും യഹൂദിയെന്നോ നസ്രാണിയെന്നോ കൃസ്ത്യാനിയെന്നോ അറിയപ്പെടുന്നതോ പിന്നീട് ആ സ്ഥിതിയിൽ മരണപ്പെടുന്നതോ അല്ല. ആരെങ്കിലും ഞാൻ നിയോഗിക്കപ്പെട്ട് കൊണ്ട് വന്നതിനെ വിശ്വസിക്കാത്ത വിധമാണ് മരിച്ചത് എങ്കിൽ അവൻ നരകാവകാശി ആകാതിരിക്കുകയില്ല”. (മുസ്ലിം-153)

❁❁❁

ചോദ്യം : 148. വിശ്വാസ പ്രമാണങ്ങളായ വിശുദ്ധ ഖുർആനിനേയും തിരുനബി ﷺ യുടെ സുന്നത്തിനേയും കുറിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസമെന്താണ്?

വിശുദ്ധ ഖുർആനും സ്വഹീഹായ ഹദീസുകളും കുറ്റമറ്റ ഇസ്ലാമിക പ്രമാണങ്ങളായി അംഗീകരിക്കുകയും അവ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് എതിർക്കാതെ പരിപൂർണ്ണമായി സ്വീകരിക്കണമെന്നതിൽ അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് നിലകൊള്ളുകയും ചെയ്യുന്നു. അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥سورة النساء﴾

"ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധി കൽപിച്ചതിനെ പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല".

❁❁❁

ചോദ്യം : 149. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മ സമരത്തെ (ജിഹാദ്) സംബന്ധിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ നിലപാട് എന്താണ്?

അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ വിശ്വാസപ്രകാരം തീർച്ചയായും ജിഹാദ് ഇസ്ലാമിന്റെ അങ്ങേയറ്റത്തെ കാര്യമാകുന്നു. അല്ലാഹുവിന്റെ വചനം പരമോന്നതമാക്കപ്പെടുന്നതിനായി നിയമമാക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിന് നിശ്ചിതമായ നിബന്ധനകൾ നിർബന്ധമാക്കപ്പെട്ടിട്ടുണ്ട്. ഇസ്ലാമിക പതാക വാഹകരായ മുസ്ലിം ഭരണാധികാരികളുടെ നേതൃത്വത്തിൽ ആയിരിക്കുക, പ്രധാനമായും അതിനുള്ള ശേഷിയും ശക്തിയും ഉണ്ടായിരിക്കുക. എന്നതെല്ലാം മുഖ്യമാണ്.

❁❁❁

## ചോദ്യം : 150. ജിഹാദിന്റെ പേരിൽ നടക്കുന്ന തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങളെ കുറിച്ച് അഹ്ലുസ്സുന്നത്ത് വൽ ജമാഅത്തിന്റെ നിലപാട് എന്താണ്?

തീവ്രവാദികളുടെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും, അവർ ജിഹാദ് എന്ന പേരിട്ടാലും ശരി അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് ഒഴിവാകുന്നു. കാരണം അത് ഖവാരിജുകളുടെ മാർഗ്ഗമാണ്. ഇസ്ലാമിനെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവർത്തനങ്ങളിലൂടെ മുസ്ലിം രാജ്യങ്ങളിൽ ഉപദ്രവങ്ങളും ഉന്മൂലനാശങ്ങളും വിതച്ച് കൊണ്ട് നിരപരാധികളെ കൊല ചെയ്യുകയും അക്രമങ്ങൾ അഴിച്ച് വിടുകയും ചെയ്യുന്നത് അനിസ്ലാമികവും അപലപനീയവുമാണ്.

❁❁❁

അല്ലാഹു നമ്മെ വിജയിപ്പിക്കുമാറാകട്ടെ,

മുഹമ്മദ് നബിﷺ ക്കും കുടുംബത്തിനും കരുണ ചൊരിയുമാറാകട്ടെ.